ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 11 | ലക്കം 3 | ആഗസ്റ്റ് 2007 | പേജ് 8

ജോർജിയന്റെ ആദരാഞ്ജലികൾ

ജോർജിയൻ

കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

മിന്നിമറഞ്ഞ തേജസ്സ്

കടന്നുപോയത് ഇടവകയുടെ പ്രിയപ്പെട്ട തിരുമേനി

സ്വപ്നങ്ങൾ ബാക്കി വെച്ച് നിത്യതയിലേക്ക്

സ്നേഹം വിതുമ്പി കൊതി തീരാതെ...

ഔഗേൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കബറടക്ക ദിവസം പുറത്തിറക്കിയ ജോർജിയന്റെ ഒന്നാം പേജ്.

രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റർനെറ്റ് എഡീഷൻ പരതിയിട്ടും മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ? നിരാശപ്പെടേണ്ട. നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?

മലങ്കര ഓർത്തഡോക്സ് ടിവി

കാഴ്ചയുടെയും കേൾവിയുടെയും അപൂർവ്വ അനുഭവം. വിസ്മയങ്ങളും അദ്ഭുതങ്ങളുമായി എം. ടി. വി. നിങ്ങളെ കാത്തിരിക്കുന്നു

ആരും കാണാത്ത കാഴ്ചകളും വായുവിലലിഞ്ഞു പോകുമായിരുന്ന വചനങ്ങളും ഇനി നിങ്ങൾക്ക് കാണുകയും കേൾക്കുകയും ചെയ്യാം

സന്ദർശിക്കുക

www.malankaraorthodox.tv/

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം അടുത്ത ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ, ജോർജിയൻ
സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
കുഴിമറ്റം പി. ഒ. കോട്ടയം - 686533
E-mail:
georgiankuzhimattom@gmail.com
Web:
http://georgian.malankaraorthodox.tv

യുവജനവാരാഘോഷത്തിന് തുടക്കമായി....

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ 2007 വർഷത്തിലെ യുവജനവാരാഘോഷം യുവജനപ്രസ്ഥാനം കേന്ദ്ര സെക്രട്ടറി എ. കെ. ജോസഫ് ആഗസ്റ്റ് 25 ന് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ഫാ. പി. എ. തോമസ് അദ്ധ്യക്ഷനായിരുന്നു. തുടർന്ന് ഇടവക സെക്രട്ടറി പി. ഐ. മാത്യു മോഡറേറ്ററായി 'സഭയും വിദ്യാഭ്യാസവും' എന്ന വിഷയത്തിൽ ചർച്ച നടത്തപ്പെട്ടു.

ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 2 വരെ വിപുലമായ പരിപാടികളോടു കൂടിയാണ് ഈ വർഷവും യുവജനപ്രസ്ഥാനം യുവജനവാരം ആഘോഷിക്കുന്നത്. അത്തപ്പൂക്കളമൊരുക്കൽ, ഭവനസന്ദർശനം, ഓണാഘോഷപരിപാടികൾ, പ്രകൃതി പഠനയാത്ര, കായിക മത്സരങ്ങൾ, യൂത്ത് ഫെസ്റ്റ് 2007, ബഥനി ആശ്രമ സന്ദർശനം, കുടുംബാരാധനായോഗം, വിനോദ മേള, സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികൾ നടത്തപ്പെടുന്നു.

ആഗസ്റ്റ് 31ന് 3-ാം വാർഡിൽ കാരാണിക്കുളത്ത് കെ. എ. രാജന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടുന്ന കുടുംബാരാധനായോഗത്തിൽ മുൻ വികാരി ഫാ. തോമസ് ആൻഡ്രൂസ് വചനപ്രഭാഷണം നടത്തും.

യുവജനദിനമായ സെപ്റ്റംബർ 2-ന് വി. കുർബ്ബാനാനന്തരം നടക്കുന്ന സമാപനസമ്മേളനം വി. എൻ. വാസവൻ എം. എൽ. എ. ഉദ്ഘാടനം ചെയ്യും.

യുവജനവാരാഘോഷ പരിപാടികൾക്ക് പി. ജെ. കുര്യൻ, രഞ്ജു കെ. മാത്യു, ബിനു ഏബ്രഹാം, അഭിനന്ദ് പി. ഷായി, മീട്ടു ജേക്കബ്, ജിജോമോൻ പി. എസ് എന്നിവർ നേതൃത്വം നൽകും.

സഭായോജിപ്പിനായി സ്ഥാനം ഒഴിയാനും തയ്യാർ: സഭാ സെക്രട്ടറി

ഡോ. ജോർജ് ജോസഫ്. മലങ്കര ഓർത്തഡോക്സ് സഭയുടെ അസ്സോസിയേഷൻ സെക്രട്ടറി. സഭയുടെ നേതൃത്വത്തിലെ യൗവനം. ഇദ്ദേഹത്തിന്റെ സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിലുള്ള അകലം വളരെ കുറവാണ്. സത്യമാണ് ഇദ്ദേഹത്തിന്റെ മാർഗ്ഗം. ലക്ഷ്യമോ സ്വപ്നങ്ങൾക്കും അപ്പുറം. സഭയ്ക്ക് ഇദ്ദേഹത്തിലുള്ള പ്രതീക്ഷ ഏറെയാണ്. മാറ്റങ്ങൾ കണ്ടു തുടങ്ങുന്നു..... നേർരേഖകൾ വീണ്ടും രൂപപ്പെടുന്നു.... സഭാകേന്ദ്രങ്ങളിലും അരമനകളിലും മാത്രമല്ല എവിടെയും മാറ്റത്തിന്റെ അലകൾ രൂപപ്പെടുന്നു. ഓഫീസുകളിൽ വെടിപ്പ്, അച്ചടക്കത്തിന്റെയും, കർത്തവ്യനിർവ്വഹണത്തിന്റെയും ആദ്യാക്ഷരങ്ങൾ കളരിയിൽ എന്നപോലെ അഭ്യസിപ്പിക്കുകയാണ് ഇവിടെ ഈ അദ്ധ്യാപകൻ. തിരക്കുകൾക്കിടയിലും കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനവുമായി അദ്ദേഹത്തിന്റെ ആശയങ്ങൾ പങ്കുവച്ചു. വാക്കുകളിൽ കപടതയില്ല, ഇവിടെ സംസാരിച്ചത് അദ്ദേഹത്തിന്റെ ഹൃദയമാണ്. ആത്മാവിൽ തീപിടിച്ച ഈ വ്യക്തിത്വം ഹൃദയത്തിന്റെ ജാലകം തുറക്കുകയായി.....

ജനങ്ങളാണ് താങ്കളെ തെരഞ്ഞെടുത്തതെന്ന് തോന്നുന്നുണ്ടോ?

തീർച്ചയായും. അതുകൊണ്ട് ആ കടപ്പാട് ജനങ്ങളോട് ഉണ്ട്. ജനങ്ങളാണ് സഭ. നേതൃത്വത്തിന് ജനങ്ങളോടാണ് കടപ്പാടുണ്ടാകേണ്ടത്.

ചെറുപ്പത്തിൽ ഈ സ്ഥാനത്ത് എത്തും എന്ന് പ്രതീക്ഷിച്ചോ?

ഇല്ല. 32-ാം വയസ്സിൽ മാനേജിംഗ് കമ്മറ്റിയിൽ എത്തിയത് അപ്രതീക്ഷിതമായിരുന്നു. 37-ാം വയസ്സിൽ സെക്രട്ടറി ആയതും അതുപോലെ തന്നെ.

'ആർക്കും എന്താവശ്യത്തിനും സമീപിക്കാവുന്ന വ്യക്തി, അനീതിയോട് ശക്തമായി പ്രതികരിക്കുന്ന വ്യക്തിത്വം.' എന്നൊക്കെ താങ്കളെപ്പറ്റി പറഞ്ഞു കേൾക്കുന്നു. ശരിയാണോ?

തെരഞ്ഞെടുപ്പ് സമയത്ത് അങ്ങനെ ആരും പറഞ്ഞില്ല. കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ ഒരാൾ ചോദിച്ചു എന്തിനാണ് ഞാൻ ദേവലോകത്ത് താമസിക്കുന്നത് എന്ന്. ഇല്ലെങ്കിൽ നിങ്ങൾക്ക് എന്നെ കാണുവാൻ പറ്റുമായിരുന്നോ? എന്നെ ആർക്കും വന്നു കാണാം. ന്യായമായ ഏതു കാര്യത്തിനും ഞാൻ ഉണ്ടാകും.

ഓർത്തഡോക്സ് സഭയിൽ "വിധേയത്വം" എന്ന പദം കേൾവി കൂടുതലാണ്. താങ്കൾക്ക് ഇപ്പോൾ ആരോടാണ് വിധേയത്വം?

ഈ സഭയിലെ മുഴുവൻ ആളുകളോടും.

തിരുമേനിമാരോടും വൈദീകരോടും അൽപം കൂടുതൽ വിധേയത്വം തോന്നുന്നുണ്ടോ?

ആത്മീയകാര്യങ്ങളിൽ ഉണ്ട്. പ. സുന്നഹദോസ് അംഗങ്ങളോട് വിധേയത്വം അല്ല



ബഹുമാനവും ആദരവും ആണ് ഉള്ളത്. പ. സുന്നഹദോസ് തീരുമാനങ്ങളോടാണ് എനിക്ക് വിധേയത്വം.

വോൾട്ടയറെ പോലുള്ളവർ മുൻപ് അഭിപ്രായപ്പെട്ടു 'അൽമായക്കാർ വിഡ്ഢികളാണ് എന്ന്.' താങ്കൾക്ക് എന്തു തോന്നുന്നു?

ഓർത്തഡോക്സ് സഭയിലെ അൽമായക്കാർ വിഡ്ഢികളല്ല. ഇവിടെ മെത്രാപ്പോലീത്താ മുതൽ എല്ലാവരേയും തെരഞ്ഞെടു

(ശേഷം 3 -ാം പേജിൽ)

മികവിന് അംഗീകാരമായി 'ജോർജിയന്' ചീഫ് എഡിറ്റേഴ്സ് ട്രോഫി

വാകത്താനം: യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനകമ്മറ്റി ഏർപ്പെടുത്തിയ മികച്ച യൂണിറ്റ് പ്രസിദ്ധീകരണത്തിനുള്ള ചീഫ് എഡിറ്റേഴ്സ് ട്രോഫിക്ക് 'ജോർജിയൻ' അർഹമായി. മികച്ച എഡിറ്ററായി ജോർജിയന്റെ എഡിറ്ററായിരുന്ന രഞ്ജു കെ. മാത്യുവിനെയും തെരഞ്ഞെടുത്തു. പ്രിന്റ് ചെയ്ത് പ്രസിദ്ധീകരണം ആരംഭിച്ചതിനു ശേഷം ആദ്യമായാണ് ജോർജിയനെ തേടി ഇത്തരമൊരു അവാർഡ് എത്തുന്നത്.

യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന വാർഷിക സമ്മേളനത്തോടനുബന്ധിച്ചാണ് ചീഫ് എഡിറ്റേഴ്സ് അവാർഡ് പ്രഖ്യാപിച്ചത്. യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. സ്പെൻസർ കോശിയിൽ നിന്നും പ്രസ്ഥാനാംഗങ്ങൾ ട്രോഫി ഏറ്റുവാങ്ങി.

ദൈവത്തിൽ ആശ്രയിച്ച് കൊണ്ട് പ്രസ്ഥാനാംഗങ്ങൾ നടത്തിയ കഠിനാദ്ധ്വാനത്തിന്റെയും സാഹസികതയുടെയും അംഗീകാരമാണ് ചീഫ് എഡിറ്റേഴ്സ് അവാർഡ്. ഫാ. പി. എ. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യുവജനപ്രസ്ഥാനയോഗം ജോർജിയൻ എഡിറ്റോറിയൽ ബോർഡിനെ അനുമോദിച്ചു. പി. ജെ. കുര്യൻ, രാജ് ഫിലിപ്പ്, ബിനു ഏബ്രഹാം, അഭിനന്ദ് പി. ഷായി, മീട്ടു ജേക്കബ്, ഗീവർഗീസ് സി. ആർ. എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞ കാലങ്ങളിൽ ജോർജിയനെ മികവുറ്റതാക്കുവാൻ സഹകരിച്ച ഏവർക്കും രഞ്ജു

കെ. മാത്യു നന്ദി പറഞ്ഞു.

- ജോർജിയൻ ടീം

സെന്റ് ജോർജ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം
കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2007-08

പ്രസിഡന്റ്

ഫാ. പി. എ. തോമസ് കളരിക്കൽ

വൈസ് പ്രസിഡന്റ്

പി. ജെ. കുര്യൻ, പാലമൂട്ടിൽ
രഞ്ജു. കെ. മാത്യു
കരോട്ടു പുത്തൻപുരയ്ക്കൽ

സെക്രട്ടറി

ബിനു ഏബ്രഹാം കാരണിക്കുളം

ജോയിന്റ് സെക്രട്ടറി

അഭിനന്ദ്. പി. ഷായി
കൂമ്പാടി പുത്തൻപുരയ്ക്കൽ
മിട്ടു ജേക്കബ് ആൻഡ്രൂസ് കൊട്ടുപ്പള്ളിൽ

ട്രഷറർ

സോബി ചാക്കോ എരുമത്താനം

കമ്മറ്റിയംഗങ്ങൾ

സജിൻ സാബു പാട്ടത്തിൽ
സിജിത്ത് കുന്നപ്പള്ളി നീലഞ്ചിറ
പ്രവീൺ ജോസഫ് കാവനാടിയിൽ
രഞ്ജിത്ത് ഏബ്രഹാം കാരാണിക്കുളം
അരുൺ മർക്കോസ് മാടപ്പാട്ട്
വിശാൽ അലക്സ് മോടിശ്ശേരി വല്യത്തിൽ

കലാസാഹിത്യവേദി കൺവീനർ

റ്റിന്റു തോമസ് വയലാറ്റ്

ജോയിന്റ് കൺവീനർ

സഞ്ചു തോമസ്, പുലിപ്രാ

പള്ളി മാനേജിംഗ് കമ്മറ്റിയംഗം

പി. ജെ. കുര്യൻ പാലമൂട്ടിൽ

എഡിറ്റർ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

പള്ളം ഗ്രൂപ്പ് പ്രതിനിധി

ഹാൻസ് ബാബു, പട്ടശ്ശേരിൽ

ലൈബ്രേറിയൻ

റിറ്റു ഫിലിപ്പോസ്, പാച്ചിറ

ഓഡിറ്റേഴ്സ്:

രാജ് ഫിലിപ്പ് മുതലകേരിൽ
സിജോ കുര്യൻ മാന്തടത്തിൽ

ജോർജിയൻ

രക്ഷാധികാരി

ഫാ. പി. എ. തോമസ് കളരിക്കൽ

എഡിറ്റർ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

എഡിറ്റോറിയൽ ബോർഡ്

രഞ്ജു. കെ. മാത്യു
കരോട്ടു പുത്തൻപുരയ്ക്കൽ,
സിജിത്ത് കുന്നപ്പള്ളി, നീലഞ്ചിറ
ജിജോമോൻ. പി. എസ്, പാറപ്പറമ്പിൽ
ജോൺസൺ. പി. ഏബ്രഹാം, പാലമൂട്ടിൽ
ശ്രുതി മറിയം ബാബു, മാമ്മൂട്ടിൽ
ലോയിസ് അന്നാ റോബി, കാരാണിക്കുളം
റെയ്നി തോമസ്, പാട്ടത്തിൽ

ലേഖനം

രക്ഷാപദ്ധതിയ്ക്കായി സ്വയം സമർപ്പിച്ച കന്യകമറിയാം

ഫാ. പി.എ. തോമസ് കളരിക്കൽ

ലോകരക്ഷകനായി പിറന്ന യേശുക്രിസ്തുവിന് ഈ ലോകത്തിൽ പിറക്കുവാൻ അമ്മയായി തീർന്ന ഭാഗ്യവതിയാണ് പ. കന്യക മറിയാം. യേശുവിന്റെ അമാനുഷിക ജനനം മാനവചരിത്രത്തിൽ തന്നെ അത്ഭുതവിഷയമാണ്. പുരുഷബന്ധം കൂടാതെയും കന്യകത്വപദവി നഷ്ടപ്പെടാതെയുമാണ് കന്യകമറിയാം യേശുവിനെ പ്രസവിച്ചത്. ഇത് ദൈവികമായ ശക്തി മുഖാന്തിരമായിരുന്നു. ദൈവികമായ രക്ഷണ്യപദവിയ്ക്കു വേണ്ടി യേശുവിന് മനുഷ്യാവതാരം ചെയ്യുവാൻ കന്യകമറിയാമിനെ ദൈവം തിരഞ്ഞെടുത്തത് അത്യുന്നതനായ ദൈവപുത്രന് വസിപ്പാൻ അവൾ പരിശുദ്ധയായിരുന്നതുകൊണ്ടാണ്. മറ്റാരെക്കാളും അധികമായി കന്യകമറിയാമിന്റെ ജീവിത വിശുദ്ധിയെയും ദൈവേഷ്ടം മാനിക്കുന്നതിനുള്ള സമർപ്പണമനോഭാവത്തെയും പൂർണ്ണതയുള്ളതായി ദൈവം കണ്ടിരുന്നു.

മറിയാമിന്റെ ജീവിതം ബാല്യം മുതലേ ദൈവത്തിനു വേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ചിരുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിയ്ക്കു ഭവിക്കട്ടെ" എന്ന മറിയാമിന്റെ വാക്കുകളിൽ തന്റെ സമർപ്പണത്തിന്റെ മഹത്വമാണ് നിഴലിക്കുന്നത്. സ്വന്തം ഇഷ്ടം ഒന്നും പരിഗണിയ്ക്കാതെ ദൈവേഷ്ടത്തിന് വേണ്ടി സമർപ്പിച്ച മാതാവിന്റെ ആത്മീയ ധീരതയെ രണ്ടു സന്ദർഭങ്ങളിൽ പരോക്ഷമായി സമൂഹമധ്യേ യേശു വെളിപ്പെടുത്തുന്നുണ്ട്.

ഒന്നാമത് വി. ലൂക്കോസ് 11: 27 ൽ "നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ" എന്ന് ഒരു സ്ത്രീ ഉച്ചത്തിൽ പറയുമ്പോൾ മറുപടിയായി യേശു പറയുന്നു "ദൈവത്തിന്റെ വചനം കേട്ട് പ്രമാണിയ്ക്കുന്നവരത്രേ ഭാഗ്യവാൻമാർ.". രണ്ടാമതായി വി. മർക്കോസ് 3:32-35 വരെയുള്ള വാക്യങ്ങളിൽ മറിയാമും യേശുവിന്റെ സഹോദരന്മാരും യേശുവിനെ അന്വേഷിച്ചുവരുന്ന സന്ദർഭത്തിൽ യേശു ചോദിക്കുന്നു "എന്റെ അമ്മയും സഹോദരന്മാരും ആർ, ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയുമാകുന്നു."

ഈ രണ്ടു സന്ദർഭങ്ങളെക്കുറിച്ചും പഠിക്കുമ്പോൾ നമ്മുടെ വിലയിരുത്തൽ സത്യസന്ധതയിലായിരിക്കണം. മാതൃനിഷേധധ്വനികൾ ഈ വാക്കുകളിൽ ഒളിഞ്ഞിരിപ്പുണ്ടോ എന്ന സംശയത്തിന് ഒട്ടും സ്ഥാനം ഇവിടെ ഇല്ല. നിനക്ക് ദീർഘായുസ്സ് ഉണ്ടാകുവാൻ നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക എന്ന കല്പന നൽകിയ ദൈവത്തിന്റെ ഏകജാതന് എങ്ങനെ കല്പന ലംഘിച്ച് ഒരു മാതൃനിഷേധിയാവാൻ കഴിയും? അഥവാ അങ്ങനെ ചെയ്യുവാൻ എങ്ങനെ ദൈവപുത്രനാകും. യേശുവിൽ നിന്നും മാതൃനിഷേധധ്വനികൾ ഉണ്ടായി എന്ന് ചിന്തിയ്ക്കുന്നത് പരിശുദ്ധാത്മാവിന് എതിരേയുള്ള പാപമാണ്.

യേശുവിന്റെ വാക്കുകളിൽ അന്തർലീനമായ ചിന്തകൾ ഇവിടെ ശരിക്കും മനസ്സിലാക്കേണ്ടതുണ്ട്. ദൈവേഷ്ടം പൂർണ്ണമായി അമ്മ പാലിച്ചതുപോലെ നിങ്ങളും മാനിച്ചാൽ എന്റെ അമ്മയ്ക്കു ലഭിച്ച മഹത്വമുള്ള സ്ഥാനത്തിന് നിങ്ങളും യോഗ്യരായിതീരും എന്നാണ് യേശുവിന്റെ വാക്കുകളിൽ അന്തർലീനമായിരിക്കുന്നത്. ദൈവഹിതം മാനിച്ചു ജീവിയ്ക്കാൻ ആഹ്വാനം ചെയ്യുന്നതോടൊപ്പം യേശുവിന്റെ തിരുകുടുംബത്തിലെ അംഗങ്ങളാകുവാൻ യേശു നമ്മെ ക്ഷണിയ്ക്കുക കൂടിയാണ് തന്റെ പ്രസ്താവന വഴി ചെയ്യുന്നത്.

യഹൂദമതനേതാക്കന്മാർ യേശുവിനെയും മാതാവായ മറിയാമിനെക്കുറിച്ചും പറഞ്ഞിരുന്ന നിന്ദാവാക്കുകൾ ഈ സമയം യേശുവിന്റെ മനസ്സിൽ ഉയർന്നു വന്നിട്ടുണ്ടാവണം. ഒരിക്കൽ യേശുവിനെയും മാതാവിനെയും പരിഹസിക്കുവിധത്തിൽ അവർ പറഞ്ഞു.

"ഇവൻ മറിയയുടെ മകനല്ലയോ?" വിവാഹജീവിതത്തിൽ കൂടി വരും മുമ്പേ ഗർഭിണിയായവൾ ആണ് മറിയാം എന്നുള്ളതായിരുന്നു അവരുടെ പരിഹാസ വിഷയം. തന്റെ മാതാവ് ആര് എന്ന ചോദ്യം ഉന്നയിക്കുമ്പോൾ ആത്മഗതമായി യേശുപറയുന്നു എന്റെ മാതാവ് പരിഹസിക്കപ്പെടേണ്ടവളല്ല, ദൈവത്തിനു വേണ്ടി മാത്രം തന്നെ സമർപ്പിച്ചവളും ദൈവേഷ്ടം മാത്രം ജീവിതത്തിൽ പൂർണ്ണമായി മാനിച്ചവളും ആണ്. ദൈവേഷ്ടം മാനിക്കാതെ കൽപ്പനകൾ ആക്ഷരികമായി പാലിച്ചു ജീവിക്കുന്ന നിങ്ങൾ ദൈവേഷ്ടം പൂർണ്ണമായി മാനിക്കുന്നതിന് ഉത്സാഹിച്ചാൽ നിങ്ങൾക്കും എന്റെ അമ്മയുടെയും സഹോദരന്മാരുടെയും സ്ഥാനത്തിന് അർഹരായി തീരാൻ കഴിയും.

സുവിശേഷത്തിൽ യേശുക്രിസ്തുവിനെ മനുഷ്യപുത്രനെന്നും ദൈവപുത്രനെന്നും നാമകരണം ചെയ്തിട്ടുണ്ട്. ഈ വിശേഷ നാമങ്ങൾ യേശുക്രിസ്തു തന്നെ സ്വയം ഉപയോഗിച്ചിട്ടുണ്ട്. മറിയാമിൽ നിന്നും ശരീരം എടുത്ത പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ യേശുവിനെ പ്രസവിച്ചവൾ ആകയാൽ കന്യകമറിയാം ദൈവമാതാവായിതീർന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും വാഴ്ത്തപ്പെട്ട സ്ഥാനം ആണ് കന്യകമറിയാമിന് സർവ്വശക്തനായ ദൈവം നൽകിയിരിക്കുന്നത്. വെളിപാടു പുസ്തകത്തിൽ (വെളി.

(ശേഷം ആറാം പേജിൽ)

സർവ്വ ദിനങ്ങളിലും ശ്രേഷ്ഠം ഞായർ നാൾ തന്നെ

ഫാ. ഫിലിപ്പ് സി. ഏബ്രഹാം മുന്തിരിത്തോപ്പിൽ

ആദിയിൽ ആകാശത്തേയും ഭൂമിയേയും സകല ചരാചരങ്ങളേയും സൃഷ്ടിച്ച യഹോവയായ ദൈവം ഓരോ ദിവസവും നല്ലത് എന്നു കണ്ടു. ആറു ദിവസവും സൃഷ്ടി നടത്തിയ ദൈവം ഏഴാം ദിവസം പ്രവർത്തിയിൽ നിന്ന് നിവൃത്തനായതുകൊണ്ട് ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു. ശാബതിനെ ശുദ്ധമായി ആചരിക്ക എന്ന കല്പനയും കൊടുത്തു. നമ്മുടെ കർത്താവും ശാബതിൽ ദൈവാലയത്തിൽ പോവുകയും ശാബതാചരിക്കുകയും ചെയ്തു. എന്നാൽ കർത്താവിന്റെ ഉയർത്തെഴുന്നേൽപ്പ് പ്രഘോഷിക്കപ്പെട്ടത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായർ നാളായതിനാൽ ക്രിസ്തീയ സഭ ഞായറാഴ്ച ദിവസത്തെ സർവ്വ ദിനങ്ങളിലും ശ്രേഷ്ഠമായി ആചരിച്ചു വരുന്നു. വി. ലൂക്കോ 24.1:13 വി. മർക്കോ. 10:9 വി. മത്താ. 28:1 വി. യോഹ. 20:1.19 ഈ സുവിശേഷങ്ങളിലെല്ലാം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച ദിവസം ഉയർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യന്മാർക്കും. തന്നെ സ്നേഹിച്ച് തന്റെ കഷ്ടാനുഭവത്തിൽ പങ്കാളികളായ വി. സ്ത്രീകൾക്കും പ്രത്യക്ഷപ്പെടുന്നതായി കാണുന്നു.

തിരുവെഴുത്തുകൾ വായിക്കുന്നതും പഠിക്കുന്നതും കൊണ്ടു മാത്രം കർത്താവുമായുള്ള പൂർണ്ണ ബന്ധത്തിലേയ്ക്ക് വരുവാൻ സാധിക്കുന്നില്ല. ഉത്ഥിതനായ കർത്താവിന്റെ സജീവ സാന്നിദ്ധ്യം യെറുശലേമിൽ നിന്ന് എമ്മവൂസിലേയ്ക്ക് പോയ ശിഷ്യന്മാർ തിരിച്ചറിഞ്ഞത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ വി. കുർബ്ബാന അനുഭവത്തിലൂടെയാണ്.

ആദിമകാലത്തു തന്നെ സഭയിൽ ഞായറാഴ്ച (ഒന്നാം നാൾ) ദീനമായി ആചരിക്കുന്ന പതിവ് ആരംഭിച്ചു. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിന്റെ കല്പന അനുസരിച്ച് സെഹിയോൻ മാളികയിൽ കാത്തിരുന്നു പ്രാർത്ഥിച്ച പ. ശ്ലീഹന്മാർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചതും ഞായറാഴ്ച തന്നെ ആയിരുന്നുവല്ലോ. അപ്പോ. 20:7.1 കോരി 10:2 യഹൂദ കലണ്ടറിൻ പ്രകാരം ആഴ്ചവട്ടത്തിലെ ദിനങ്ങൾക്ക് 1-ാം ദിവസം 2-ാം ദിവസം (ഉല്പ. 1. 5. 8. 13) ഇങ്ങനെ പറഞ്ഞു വന്നതിനാൽ അപ്പോസ്തോലിക കാലത്തും ആ പ്രയോഗം തന്നെ നിലവിൽ നിന്നിരുന്നു. റോമാ സാമ്രാജ്യത്തിൽ ഈ ദിനത്തെ 'Day of the Sun' എന്നു പറഞ്ഞു വന്നതിനാലാകാം ക്രമേണ Sunday എന്ന പേര് നിലവിൽ വന്നത്. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപിന്റെ ദിവസമായതിനാൽ ഈ ദിവസം പെരുന്നാളുകളുടെ പെരുന്നാൾ ആയി കണക്കാക്കുന്നു.



വി. കുർബ്ബാനയിൽ ശുശ്രൂഷക്കാരൻ നടത്തുന്ന ആഹ്വാനം ശ്രദ്ധിക്കുക. "ഭംഗിയോടും ഭയത്തോടും വണക്കത്തോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും നല്ല ദൈവഭക്തിയോടും കൂടി നിന്നുകൊണ്ട്.... ഭയങ്കരവും വിശുദ്ധവുമായ കുർബ്ബാനയിൽ സൂക്ഷിക്കണം." ഈ ആഹ്വാനം അനുസരിച്ച് സംബന്ധിക്കുവാൻ വളരെ ഒരുക്കം ആവശ്യമാണ്. സന്ധ്യാനമസ്ക്കാരം മുതൽതന്നെ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ നാം പ്രത്യേകം ഒരുങ്ങേണ്ടിയിരിക്കുന്നു. ലോകമോദപരമായ കാഴ്ചകളിൽ നിന്നും, സംസാരങ്ങളിൽ നിന്നും സംസർഗ്ഗങ്ങളിൽ നിന്നും ഒഴിഞ്ഞ് കൂടുതൽ സമയം പ്രാർത്ഥനയ്ക്കും വേദവായനയ്ക്കും സ്വയപരിശോധനയ്ക്കുമായി ചിലവഴിക്കണം. അനുതാപത്തോടും വിശുദ്ധിയോടും കൂടി വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ സാധിക്കണം.

ഇന്ന് പലപ്പോഴും ഞായറാഴ്ച ആചരണം ഒരു സാമൂഹ്യമായ ചടങ്ങ് എന്ന നിലയിൽ മാത്രം അധഃപതിച്ചുപോയിട്ടില്ലേ എന്ന് ചിന്തിച്ചുപോകുന്നു. മറ്റ് അത്യാവശ്യകാര്യങ്ങൾ ഒന്നുമില്ലെങ്കിൽ തോന്നുന്നു എങ്കിൽ പള്ളിയിൽ പോവുക എപ്പോഴെങ്കിലും ചെന്ന് എങ്ങിനെയെങ്കിലും സംബന്ധിക്കുക കണ്ട് കേട്ട് മടങ്ങിപ്പോരുക. ഇങ്ങനെ ആയിരിക്കരുത് നമ്മുടെ ഞായറാഴ്ച ആചരണം.

കർത്തൃദിവസം വന്നപ്പോൾ ആത്മാവിൽ വിവശനായിത്തീർന്ന യോഹന്നാനെപ്പോലെ (Revelations 1:10) പരിശുദ്ധാത്മാവിൽ നിറയപ്പെടുന്ന അനുഭവം വി. കുർബ്ബാനയിൽ നമുക്കുണ്ടാകണം. അപ്പോൾ മാത്രമാണ് നമുക്ക് ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവും ആയിത്തീരുന്നത്.

വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ ഒരുക്കം ആയിരിക്കുന്നതുപോലെ തന്നെ വി. കുർബ്ബാനയ്ക്കു ശേഷവും എപ്പോഴും കർത്താവിന്റെ സാന്നിദ്ധ്യം നമ്മളിൽ കാത്തു സൂക്ഷിക്കണം. ആയതിനു നമ്മെ സഹായിക്കുന്നതാണ് തുടർന്നും ദിനംതോറുമുള്ള യാമപ്രാർത്ഥനകളും വേദവായനകളും, ബുധൻ, വെള്ളി ഉപവാസദിവസങ്ങളുമെല്ലാം തന്നെ. അങ്ങനെ ഓരോ ദിനങ്ങളിലും ദൈവസാന്നിദ്ധ്യത്തിൽ പടിപടിയായി ഉയർന്ന് ക്രിസ്തു എന്ന തലയോളം വളരുവാൻ നമുക്കു സാധിക്കണം (Ephe. 4:15).

കുറെ ഭാഗമല്ല പൂർണ്ണതയിലേക്ക് വളർന്ന് തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് കർത്താവിന്റെ അതേ പ്രതിമയായി രൂപാന്തരപ്പെടണം. (2. Cor. 3:18). ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന ക്രിസ്തു നാഥന്റെ ദിവ്യസ്നേഹത്തെ നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവരിലേക്കും പകരുവാൻ ഓരോ വ്യക്തിക്കും സാധിക്കുമ്പോൾ മാത്രമാണ് സഭ തന്റെ ദൗത്യത്തിൽ പ്രകാശിക്കുന്നത്. ദൈവാലയങ്ങളിൽ കൂടി വന്ന് ആരാധിച്ച് ദൈവം വസിക്കുന്ന ആലയങ്ങളായി മടങ്ങിപ്പോകുവാൻ നമുക്ക് സാധിക്കട്ടെ.

◆

പ്രതിഭ: ഭാരതത്തിന്റെ മാതൃസ്പർശം

ശ്രുതി മറിയം ബാബു, മാമൂട്ടിൽ

2007 ജൂലൈ 25 ബുധനാഴ്ച ഉച്ചയ്ക്ക് 2.15 ന് പാർലമെന്റ് സെൻട്രൽ ഹാളിൽ സുപ്രീം കോടതി ചീഫ് ജസ്റ്റീസ് മലയാളിയായ കെ. ജി. ബാലകൃഷ്ണൻ ഇന്ത്യയുടെ പ്രഥമ വനിതാ രാഷ്ട്രപതി പ്രതിഭാ പാട്ടീലിന് സത്യവാചകം ചൊല്ലിക്കൊടുത്തതോടുകൂടി ഭാരതീയരുടെ അഭിലാഷങ്ങൾക്കും സ്വപ്നങ്ങൾക്കും മാതൃസ്പർശമുണ്ടാവുകയായിരുന്നു.

ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ ഷഷ്ടിപൂർത്തിയാഘോഷിച്ച ഇന്ത്യൻ ജനതയെ നയിക്കുവാനായി പ്രതിഭയ്ക്ക് അവസരം നല്കുന്നതുവഴി സ്ത്രീസഹജമായ സാന്ത്വനസ്പർശം അദ്ഭുതങ്ങൾ സൃഷ്ടിക്കുമെന്ന് ഓരോ ഭാരതീയനും വിശ്വസിക്കുന്നു. സാമൂഹികമായും ജാതീയമായും സ്ത്രീ -പുരുഷ വിവേചനപരമായുള്ള പരിമിതികളെ മറികടക്കാനുള്ള ഭാരതീയന്റെ നിശ്ചയ ദാർഢ്യത്തിന് അടിവരയിട്ടുകൊണ്ടാണു രാഷ്ട്രപതി പദത്തിലേക്ക് പ്രതിഭാ പാട്ടീൽ തെരഞ്ഞെടുക്കപ്പെട്ടത്. രാഷ്ട്രത്തെ അമ്മയായി കാണുന്ന ഭാരതീയർ പ്രതിഭയെ രാഷ്ട്രപതിയായി തെരഞ്ഞെടുത്തതിലൂടെ വനിതാ ശക്തീകരണത്തിലുള്ള നമ്മുടെ ആത്മാർത്ഥത ലോകത്തോടെ വിളിച്ചു പറയുകയാണ്.

1932 ഡിസംബർ 19- ന് ജനഗാവിൽ ജനിച്ച പ്രതിഭാ പൂന്നെ സർവ്വകലാശാലയിൽ നിന്ന് പൊളിക്റ്റിക്സിലും ഇക്കണോമിക്സിലും എം. എ യും മുംബൈ സർവ്വകലാശാലയിൽ നിന്ന് നിയമ ബിരുദവും നേടി. കലാലയ സുന്ദരിയും, ടേബിൾ ടെന്നീസ് ചാമ്പ്യനും, സംഗീതജ്ഞയും, അഭിഭാഷകയും, സാമൂഹിക പ്രവർത്തകയുമായ പ്രതിഭ, നിരാശ്രയരായ സ്ത്രീകളോടുള്ള കരുതൽ ഒരിക്കലും കൈവിട്ടിട്ടില്ല.

പ്രതിഭയുടെ രാഷ്ട്രീയം സാമൂഹിക പ്രവർത്തനത്തിന്റെ സ്വാഭാവിക വികസനമാണ്. 1978-ൽ മഹാരാഷ്ട്രയിലെ ആദ്യത്തെ വനിതാ പ്രതിപക്ഷനേതാവ്, 2001- ൽ രാജസ്ഥാനിലെ പ്രഥമ വനിതാ ഗവർണ്ണർ തുടങ്ങിയ പല പദവികളിലും പ്രഥമ വനിതയായിരുന്ന പ്രതിഭ, ഭാരതത്തിന്റെ പ്രഥമ രാഷ്ട്രപതിയായത് പ്രതിഭ പാട്ടീലിനു ലഭിച്ച സൗഭാഗ്യമല്ല. മറിച്ച് കഷ്ടപ്പാടുകളുടെ കനലടുപ്പിൽ വേവുന്ന ഇന്ത്യൻ സ്ത്രീത്വത്തിനുള്ള രാജ്യത്തിന്റെ സമാശ്വാസമാണ്. പിറക്കാതെ പോകുന്ന പെൺകുഞ്ഞുങ്ങളെയോർത്ത് ഈ നാടിന് ഇനിയൊരിക്കലും കരയേണ്ടി വരരുത്. അവർക്ക് അറിവും തൊഴിലും മാന്യതയും ഇനിയും നിഷേധിക്കപ്പെടരുത്.

സാരിയുടെ മുന്താണി തലയിലൂടെ പുതച്ചുള്ള ലാളിത്യവും അനുഭവസമ്പത്തും കൃത്യനിർവ്വഹണത്തിലെ കണിശതയും പ്രതിഭയെ നല്ല രാഷ്ട്രപതിയാക്കും എന്ന പ്രതീക്ഷയോടെ രാഷ്ട്രപതി സ്ഥാനാർത്ഥിയാക്കിയപ്പോൾ പ്രതിഭ പ്രഖ്യാപിച്ചു. "സ്ത്രീയാണെന്നു കരുതി റബ്ബർസ്റ്റാംമ്പ് ആക്കാമെന്ന് ധരിക്കരുത്." അങ്ങനെ ആകരുതെന്നു തന്നെയാണ് ഈ രാജ്യം ആവശ്യപ്പെടുന്നത്.

1960- ൽ സിരിമാവോ ബന്ദാരനായകെ ശ്രീലങ്കയുടെ പ്രഥമ വനിതാ പ്രധാനമന്ത്രിയായപ്പോഴും, 1966- ൽ ഇന്ദിരാഗാന്ധിയെ ഇന്ത്യയുടെ രാജ്യഭരണമേല്പിച്ചപ്പോഴും അത്ഭുതങ്ങളും വികസനങ്ങളും സ്വപ്നങ്ങളും യാഥാർത്ഥ്യമാവുകയായിരുന്നു. അതുപോലെ പ്രതിഭാ പാട്ടീലിനും ഭാരതത്തിന്റെ യശസ്സ് ലോകരാഷ്ട്രങ്ങളിൽ ഉയർത്തുവാൻ സാധിക്കട്ടെ.

◆

ഹൃദയത്തിലേക്ക് ഒരു ജാലകം.....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ക്കുന്നത് ജനങ്ങളാണ്. പള്ളികളിൽ തീരുമാനം എടുക്കുന്നതും നടപ്പിലാക്കുന്നതും പൊതുയോഗമാണ്. സഭയിൽ അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും. ഇതിൽ ഭൂരിപക്ഷം ജനങ്ങളാണ്.

അദ്ധ്യാപനരംഗത്തു നിന്നും നേതൃത്വ നിരയിലേക്ക്.....

വിദ്യാഭ്യാസരംഗത്ത് സഭയ്ക്ക് ക്രൈസ്തവ സാക്ഷ്യം സാധ്യമാണോ?

യേശു പണക്കാരെ അല്ല സ്നേഹിച്ചത്. യേശുവിന്റെ യാത്ര കഷ്ടപ്പെടുന്നവരോടൊപ്പമായിരുന്നു. നമ്മുടെ യാത്ര അതാണോ? പാവപ്പെട്ടവരെ മറന്ന് വിദ്യാഭ്യാസരംഗത്ത് ഒരു സാക്ഷ്യവും സഭയ്ക്കു നൽകാനില്ല.

ഇന്ന് സഭയ്ക്ക് വിദ്യാഭ്യാസമേഖല കച്ചവടമേഖലയല്ലേ?

സഭയ്ക്ക് സമ്പത്ത് വേണം. ചിലവുകൾ ധാരാളം. കോളജുകൾ നടത്തിക്കൊണ്ട് പോകണം. എന്നാൽ ഇന്ന് ഭീമമായ ഡൊണേഷൻ വാങ്ങുന്നു എന്ന് ഞാൻ കേട്ടു. ഇത് തെറ്റാണ്. ഞാൻ ഇതിനോട് ഒരിക്കലും യോജിക്കില്ല. ഡൊണേഷൻ വാങ്ങിയത് ഞാൻ അറിയാതെയാണ്. എന്റെ അധികാര പരിധിക്ക് പുറത്തുള്ള വിഷയമാണെങ്കിലും ഇത് മാറ്റിയെടുക്കാം. ഉടൻ ഒരു മാറ്റം പ്രതീക്ഷിക്കേണ്ട. നമ്മുടെ കുട്ടികൾക്ക് പഠനത്തിനുള്ള സൗകര്യം നമ്മുടെ സ്ഥാപനങ്ങളിൽ തുടർന്ന് ചെയ്ത് കൊടുക്കുക തന്നെ ചെയ്യും.

ദേവലോകം ഇപ്പോഴും 'അച്ചായൻ'മാരുടെ പിടിയിലാണോ?

ആ ചോദ്യത്തിൽ മുൻപ് അങ്ങനെ ആയിരുന്നു എന്ന് ഒരു ധ്വനി ഉണ്ട്. അതെനിക്കറിയില്ല. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി അംഗങ്ങൾ മാത്രമാണ് ഇവിടെ ഭരണം നടത്തുന്നത്.

പ. ബാവാ തിരുമേനിയുടെ പേരിൽ വ്യാജകൽപനകൾ ഇപ്പോഴും ദേവലോകത്തു നിന്നും ഇറങ്ങുന്നുണ്ടോ?

ഇല്ല. എന്റെ അറിവിൽ ഇല്ല. അങ്ങനെ ഉണ്ടെങ്കിൽ പ. ബാവാതിരുമേനിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്താം. ഉന്നയിക്കേണ്ടിടത്ത് ഈ വിഷയം ഉന്നയിക്കാം. എന്റെ പരിധിയിൽ വരുന്ന വിഷയം അല്ല ഇത്.

മണർകാട് പള്ളി നമ്മുടേതാണോ?

പള്ളി പ്രാർത്ഥിക്കുന്ന എല്ലാവരുടേതുമാണ്. 1934 ലെ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുന്ന ദേവാലയം നമ്മുടേതാണ്.

സഭായോജിപ്പിനുള്ള തടസ്സം എന്താണ്?

അത് ചർച്ച ചെയ്യേണ്ട വിഷയമാണ്. യോജിപ്പിനുവേണ്ടി സെക്രട്ടറിസ്ഥാനം മാറേണ്ടി വന്നാൽ ഞാൻ തയ്യാറാണ്.

തിരുവനന്തപുരം പ്രശ്നം എന്തായി?

തിരുവനന്തപുരത്ത് പ്രശ്നമൊന്നുമില്ല. പ്രശ്നം ആലുവാ തൃക്കുന്നത്ത് സെമിനാരിയിലാണ്. തിരുവനന്തപുരത്ത് പോയി തല്ലുകൊണ്ടു, പ്രശ്നവും തീർന്നു. നമ്മുടെ ലക്ഷ്യം ആലുവാ ആയിരുന്നു. അതിനായി ഒന്നും ചെയ്തില്ല.

മെത്രാപ്പോലീത്താമാർക്ക് ട്രാൻസ്ഫർ ആവശ്യമാണോ?

അനിവാര്യമാണ്. മുൻകാലങ്ങളിൽ വൈദികർക്ക് ട്രാൻസ്ഫറും റിട്ടയർമെന്റും ഇല്ലായിരുന്നു. ഇപ്പോൾ ഉണ്ട്. അതുപോലെ മെത്രാപ്പോലീത്താമാർക്കും വേണം. നമ്മുടെ ഓരോ തിരുമേനിമാർക്കും വെവ്വേറെ കഴിവുകളാണ്. അത് ഓരോ ഭദ്രാസനത്തിലും ലഭ്യമാകണം. അതുകൊണ്ട് മാത്രമാണ് ട്രാൻസ്ഫർ വേണമെന്ന് പറയുന്നത്. പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി മുതൽ വാഴിച്ച എല്ലാ മെത്രാപ്പോലീത്താമാരും ട്രാൻഫറിന് വിധേയമായി മേൽപട്ടസ്ഥാനം സ്വീകരിച്ചവരാണ്.

കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി ആഘോഷത്തെപ്പറ്റിയുള്ള വീക്ഷണം എന്താണ്?

2012 ലേക്ക് ദൂരം ഏറെയാണ്. അന്ന് സഭയിൽ ഭവനരഹിതർ ഉണ്ടാകരുത്. അതിനു ശേഷം മതി ആഘോഷം.

അതിനാണോ പള്ളികളിൽ താങ്കളുടെ ഒരു കത്ത് വായിച്ചത്?

ഭവനരഹിതരായവരെ കണ്ടുപിടിച്ച് ഭവനങ്ങൾ നൽകണം. ഇതുവരെ തരിക, തരിക, താ, താ എന്നതായിരുന്നു പള്ളികളിൽ വായിക്കുന്ന കത്തുകളുടേയും കൽപനകളുടേയും ഉള്ളടക്കം. അതുമാറി വാങ്ങുന്ന സഭ എന്നുള്ളത് കൊടുക്കുന്ന സഭയായി മാറണം.

ബജറ്റിനെപ്പറ്റി.....

യുവജനപ്രസ്ഥാനത്തിന് ഗ്രാൻഡ് 10,000 രൂപയിൽ നിന്ന് 75,000 രൂപ ആയി ഉയർത്തി. എന്താണ് കാരണം?

10,000 രൂപ കുറവാണെന്നു തോന്നിയതുകൊണ്ട്.

യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനം മെച്ചപ്പെട്ടതു കൊണ്ടാണോ?

അല്ല. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുവാൻ വേണ്ടിയാണ്. പ്രസ്ഥാനം വർഷത്തിലൊരിക്കൽ കോൺഫറൻസ് നടത്തിയാൽ മാത്രം മതിയോ? കോൺഫറൻസുകളിൽ ബൈബിൾ ക്ലാസുകൾ മാത്രം മതിയോ? കഴിവുള്ളവർ നേതൃസ്ഥാനത്തേയ്ക്ക് പ്രസ്ഥാനത്തിലൂടെ കടന്ന് വരണം.

"വിദ്യാഭ്യാസമേഖലയിൽ സഭാ മാനേജ്മെന്റ് വാങ്ങുന്ന ഭീമമായ ഡൊണേഷൻ ഞാൻ അറിയാതെ."

"പരിശുദ്ധ സുന്നഹദോസ് അംഗങ്ങളോട് വിധേയത്വമല്ല, ബഹുമാനവും ആദരവുമാണുള്ളത്. പരിശുദ്ധ സുന്നഹദോസ് തീരുമാനങ്ങളോടാണ് വിധേയത്വം."

"തിരുവനന്തപുരത്ത് പോയി അടി കിട്ടിയതല്ലാതെ യഥാർത്ഥ ലക്ഷ്യമായ തൃക്കുന്നത്തു സെമിനാരിയുടെ കാര്യത്തിൽ യാതൊന്നുമായില്ല."

"മെത്രാപ്പോലീത്താമാർക്കും ട്രാൻസ്ഫർ അനിവാര്യം."

"അടുത്ത ബജറ്റിൽ അവിവാഹിത വൈദീകർക്കായി പുതിയ പദ്ധതികൾ..."

"സഭയിൽ ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുത്തിട്ടു മതി 2012 ലെ ശതാബ്ദി ആഘോഷം."

"സഭയിൽ ചെറുപ്പക്കാർക്കേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. അതിനായി അവസരങ്ങൾ ഒരുക്കി തരാം."

യുവജനങ്ങളെ താങ്കൾ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുമോ?

30 വയസ്സുള്ള ഒരാളുടെ ചിന്താഗതിയും ഊർജ്ജസ്വലതയുമല്ല 70 വയസ്സുള്ള ഒരാൾക്ക്. സഭയിൽ ചെറുപ്പക്കാർക്കേ എന്തെങ്കിലും ചെയ്യുവാൻ കഴിയൂ. ഞാൻ അതിന് വേദികൾ ഉണ്ടാക്കി തരാം.

വൈദീകർക്ക് ഇൻഷുറൻസ് പദ്ധതി. ഇത് സോപ്പിടീലല്ലേ?

അല്ല. അവരുടെ ബുദ്ധിമുട്ടുകൾ എനിയ്ക്ക് അടുത്തറിയാം.

പ്രായമായ വൈദീകരെ, പ്രത്യേകിച്ച് അവിവാഹിതരെ ശുശ്രൂഷിക്കുവാൻ ഒരു പദ്ധതി ഇട്ടുകൂടെ?

അടുത്ത ബജറ്റിൽ ഉൾപ്പെടുത്തും.

ബജറ്റ് സമ്മേളനത്തിൽ മാധ്യമപട എന്തിനായിരുന്നു?



സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ബജറ്റ് സഭാവിശ്വാസികൾ തൽസമയം ചാനലുകളിലൂടെ കാണുന്നത്. ഇത് ജനങ്ങളുമായുള്ള അകലം കുറയ്ക്കുകയല്ലേ. മാധ്യമങ്ങളുമായുള്ള ഒരു നല്ല ബന്ധം സഭയ്ക്ക് ആവശ്യമല്ലേ?

ഇടയ്ക്ക് തിരിച്ചൊരു ചോദ്യം....

കോട്ടയം ഭദ്രാസനത്തെപ്പറ്റി നിങ്ങൾ എന്തു പറയുന്നു? ഈവാനിയോസ് തിരുമേനിയെ എനിക്ക് അടുത്തറിയാം. ഒരു പരിശുദ്ധൻ. അദ്ദേഹത്തിന് ട്രാൻസ്ഫർ വേണമെന്നൊന്നും ഞാൻ പറയില്ല.

കുടുംബത്തെപ്പറ്റി?

ഒരു വൈദീകന്റെ മകനായി ജനിച്ചു. അതുകൊണ്ട് മറ്റ് വൈദീകരുടെ ഹിതം എന്തെന്ന് എനിക്കറിയാം. തെറ്റും ശരിയും പെട്ടെന്ന് തിരിച്ചറിയും. അമ്മ, ഭാര്യ, ഒരു കുട്ടി.

തിരക്ക് കുടുംബജീവിതത്തെ ബാധിച്ചോ?

ഈ തിരക്ക് എനിക്ക് ഇഷ്ടമാണ്. നമ്മുടെ സഭാംഗങ്ങളെ സേവിക്കുവാനും സ്നേഹിക്കുവാനും കിട്ടുന്ന തിരക്ക് എനിക്ക് കൂടുതൽ ഊർജ്ജം നൽകുന്നു.

സഭയിലെ യുവജനങ്ങളോട് എന്തു പറയുന്നു?

സഹായം ആവശ്യമുള്ളടത്ത് ഓടിയെത്തി സഹായിക്കണം. പ്രവർത്തിക്കണം.

മലങ്കരസഭയുടെ അവസാനത്തെ വാക്ക് ആരുടേതാണ്?

പ. കാതോലിക്കാ ബാവ തിരുമേനിയുടേത്.

തിരക്കുകൾ മാത്രമുള്ള ഒരാഴ്ചയും ഈ പകലും അവസാനിയ്ക്കുകയാണ്.... ഇനിയും കുടുംബത്തോടൊപ്പം..... വാക്കുകളിലും പ്രവർത്തിയിലുമുള്ള ഈ നട്ടെല്ല് സഭയുടെ നട്ടെല്ല് തന്നെയാകും വരും നാളുകളിൽ..... സൗഹൃദത്തിനായി നീട്ടുന്ന കരങ്ങളിൽ സഹോദര്യം പകർന്ന് ഈ വ്യക്തിത്വം നടന്നു നീങ്ങുകയാണ്; ദൈവഭവനത്തിന്റെ വിശ്വസ്തനായ കാര്യവിചാരകൻ എന്ന സ്ഥാനത്തിനും അപ്പുറം.

(തയ്യാറാക്കിയത്: രാജ് ഫിലിപ്പ്, രഞ്ജു കെ. മാത്യൂ, ഗീവർഗീസ് സി. ആർ, ബിനു ഏബ്രഹാം)

◆

എഡിറ്റോറിയൽ

പിറന്നാൾ സമ്മാനമായി എഡിറ്റേഴ്സ് ട്രോഫി

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ 2006-2007 വർഷത്തിലെ മികച്ച യൂണിറ്റ് പ്രസിദ്ധീകരണത്തിനുള്ള ചീഫ് എഡിറ്റേഴ്സ് ട്രോഫി, ജോർജിയന് ലഭിച്ച പത്താം പിറന്നാൾ സമ്മാനമാണ്. ചീഫ് എഡിറ്റേഴ്സ് ട്രോഫിയ്ക്കൊപ്പം കോട്ടയം ഭദ്രാസനത്തിലെ മികച്ച എഡിറ്ററായി രഞ്ജു കെ. മാത്യുവിനെ തെരഞ്ഞെടുത്തത് നമുക്ക് ഏറെ അഭിമാനകരമാണ്.

മലങ്കരസഭയുടെ സൂര്യതേജസ്സായി ചുരുങ്ങിയ കാലം കൊണ്ട് പ്രശോഭിച്ച കാലം ചെയ്ത അഭിവന്ദ്യ ഔഗേൻ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കബറടക്കനാളിൽ ജോർജിയന്റെ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. പ. പിതാവിന് ജോർജിയൻ ആദരാഞ്ജലികൾ ഒരിക്കൽകൂടി അർപ്പിക്കുന്നു.

കേരളം ഇന്ന് പകർച്ചപ്പനിയുടെ കരാള ഹസ്തത്തിനുള്ളിലാണ്. നാം തന്നെ ഉണ്ടാക്കുന്ന മാലിന്യങ്ങളിൽ നിന്നാണ് പകർച്ചപനി ഉണ്ടാകുന്നത്. അപകടകരമായ ഇത്തരം സാഹചര്യം ഉണ്ടാകുമ്പോൾ മാത്രം 'ശുചിത്വ കേരള'മെന്ന മുദ്രാവാക്യം മുഴക്കിയിട്ട് കാര്യമില്ല. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരണം. പ്രകൃതിസംരക്ഷണം, മാലിന്യ നിർമാർജനം എന്നീ ലക്ഷ്യത്തിനായി മലങ്കരസഭ ആഗസ്റ്റ് 26 പരിസ്ഥിതിദിനമായി ആചരിക്കുകയാണ്.

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഓണക്കാലം യുവജനവാരമായിട്ട് ആഘോഷിക്കുകയാണ്. വിപുലമായ പരിപാടികളോടുകൂടി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 2 വരെ നടക്കുന്ന യുവജനവാരാഘോഷത്തിന്റെ പരിപൂർണ്ണ വിജയത്തിനായി എല്ലാ ഇടവകാംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

മലയാളികളുടെ മനസ്സിൽ നന്മ നിറയുന്ന പൊന്നോണം വരവായി. ചാനലുകളിലൂടെയും വിപണിയിലൂടെയുമാണ് ഓണം ഇപ്പോൾ മലയാളിയുടെ മുന്നിലെത്തുന്നത്. കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള പൂക്കൾകൊണ്ടുള്ള പൂക്കളത്തിലും, പ്ലാസ്റ്റിക് ഇലകളിലായി തീർന്ന സദ്യയിലുമായി ഓണം മാറുന്നത് ഓണത്തെ നിഷേധിക്കലല്ല; മറിച്ച് പരിമിതികൾക്കുള്ളിൽ നിന്നുള്ള ഓണത്തിനുള്ള വരവേല്പാണ്. ഏവർക്കും ജോർജിയന്റെ ഓണാശംസകൾ നേർന്നുകൊണ്ട് അഭിമാനത്തോടെ അതിലേറെ സന്തോഷത്തോടെ ജോർജിയൻ സമർപ്പിക്കുന്നു.

ഓണാശംസകളോടെ,

ഗീവർഗീസ് സി. ആർ.
(എഡിറ്റർ)

ജോർജിയൻ: അക്ഷരങ്ങൾ വരച്ച ചിത്രം

രാജ് ഫിലിപ്പ്, മുതലകേരിൽ

ദൈവം സൃഷ്ടിച്ചവയെ ദൈവം തന്ന താലന്തുകൾ കൊണ്ട് സൗന്ദര്യവൽക്കരിച്ച് പുനഃസൃഷ്ടിക്കുവാൻ നമ്മുടെ ഇടവകാംഗങ്ങൾക്ക് ദൈവം തന്നെ നൽകിയ താലുകളാണ് ജോർജിയൻ. ഈ നാമത്തിന് ഇന്ന് ആമുഖമോ പരിചയപ്പെടുത്തലോ ആവശ്യമില്ല. പത്ത് വർഷങ്ങൾ പിന്നിടുമ്പോൾ ജോർജിയൻ യുവജനപ്രസ്ഥാനത്തിന്റെ മാത്രമല്ല ഇടവകയുടെ തന്നെ ജാലകമാണ്. വിശേഷണങ്ങൾക്ക് പിടികൊടുക്കാതെ ക്രിയാത്മകതയുടെ ഈ കൂട്ടായ്മ അപൂർണ്ണമായി പ്രയാണം തുടരുകയാണ്. അപൂർണ്ണതയിലുള്ള മനോഹാരിതയാണല്ലോ ഈ സൃഷ്ടിയേയും മഹത്വരമാക്കുന്നത്. പത്താംപിറന്നാൾ സമ്മാനമായി എഡിറ്റേഴ്സ് ട്രോഫിയും ജോർജിയനെ തേടി എത്തി. ഇത് കൂട്ടായ്മയുടേയും പ്രസിദ്ധീകരണ മികവിന്റേയും അംഗീകാരം.

നിറം മങ്ങാത്ത ഓർമ്മകൾ

കൈയെഴുത്ത് മാസിക മുതൽ എഡിറ്റേഴ്സ് ട്രോഫിവരെയുള്ള ദൂരം ഏറെയാണ്. സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള ദൂരത്തേക്കാൾ ഏറെ. അവയെ തമ്മിൽ ബന്ധിപ്പിച്ച കണ്ണികൾ ദൈവാശ്രയബോധവും കൂട്ടായ്മയും തളരാത്ത അദ്ധ്വാനവും ആയിരുന്നു. ജോർജിയനിലെ ആദ്യാക്ഷരങ്ങളിലെ മഷി ഇന്നും പ്രസ്ഥാനാംഗങ്ങളുടെ ഹൃദയത്തിൽ ഉണങ്ങിയിട്ടില്ല.

1997 ജൂൺ 21 ന് പതിവ് യുവജനപ്രസ്ഥാനം യോഗത്തിൽ ഫാ. ഫിലിപ്പ് സി. ഏബ്രഹാമിന്റെ ആശയം പ്രസ്ഥാനം പ്രവർത്തകരുടെ ആവേശമായി. ജൂൺ 28- ന് ഒന്നിലേറെ പേരുകൾക്കിടയിൽ 'ജോർജിയൻ' തിരഞ്ഞെടുക്കപ്പെട്ടു. ആദ്യപതിപ്പിന്റെ മുഖചിത്രം പ. ഗീവർഗ്ഗീസ് സഹദായുടേതായിരിക്കണം എന്നതിന് രണ്ട് പക്ഷം ഉണ്ടായിരുന്നില്ല. ജൂൺ 29 പ. കാതോലിക്കാ ബാവായുടെ ഇടവക സന്ദർശനവേളയിൽ ആദ്യപ്രതി പ്രകാശനം ചെയ്യണം എന്ന് ആഗ്രഹിച്ചു. സാധിച്ചില്ല. ജൂലൈ 5 ശനിയാഴ്ച പ്രസ്ഥാനാംഗങ്ങൾ വരച്ച ചിത്രങ്ങൾ, കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ചേർത്തുവച്ച് ആദ്യ ജോർജിയൻ ഒരു ഓഫീസ് ഫയലിൽ കുത്തികെട്ടി പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയപ്പോൾ അർദ്ധരാത്രി കഴിഞ്ഞിരുന്നു. ജൂലൈ 6 ന് കോട്ടയം ജില്ലാ കലക്ടർ പി. എച്ച്. കുര്യൻ ആദ്യപതിപ്പ് പ്രകാശനം ചെയ്തു. അക്ഷരതെറ്റുകളുടേയും കുറവുകളുടേയും ഇടയിൽ ആദ്യ ജോർജിയൻ യുവജനപ്രസ്ഥാനത്തിന്റെ മാത്രം ശരിയായിരുന്നു. വിരലിൽ എണ്ണാവുന്ന വായനക്കാർ എങ്കിലും പ്രോത്സാഹനങ്ങൾ ഏറെ ആയിരുന്നു. പ്രസ്ഥാനത്തിലെ ഓരോ അംഗവും അന്ന് ജോർജിയന്റെ പത്രാധിപരായിരുന്നു.

ഓഫീസ് ഫയലിന് അപ്പുറം ഒരു കൈയെഴുത്തു മാസിക എന്ന ചിന്ത പോലും അന്ന് ഉണ്ടായിരുന്നില്ല. പിന്നീടുള്ള ഓരോ പ്രസിദ്ധീകരണങ്ങളിലും ജോർജിയൻ പരിണമിക്കുകയായിരുന്നു. ഒരു യഥാർത്ഥ മാസികയിലേക്ക്. മുഖചിത്രങ്ങളിൽ ഉന്നതനിലവാരം, ആമുഖങ്ങളിൽ വ്യത്യസ്തത, സാഹിത്യരചനകളിലെ പ്രതീക്ഷ, അക്ഷരങ്ങളിലെ സൗന്ദര്യം, കൂട്ടി വായിക്കുമ്പോൾ കൈയെഴുത്തു മാസികകളുടെ പ്രഥമഗണത്തിലേക്ക്. മേരി മാത്യു ടീച്ചർ, അജിത് മാത്യു, ദിലീപ് ജെ. കുര്യൻ, ജേക്കബ് സി. കുറിയാക്കോസ്. ജോർജിയൻ എന്നു കേൾക്കുമ്പോൾ പ്രസ്ഥാനത്തിന് ഈ പേരുകൾ മറക്കുക സാദ്ധ്യമല്ല. ജോർജിയന്റെ യഥാർത്ഥ മുഖം ആ കൈയെഴുത്ത് മാസികകൾ തന്നെയാണ്.

അച്ചടി മഷി പുരളുന്നു.....

ജോർജിയൻ ഒരു മാസികയായി അച്ചടിക്കണമെന്ന് എല്ലാവരും ആഗ്രഹിച്ചു. എന്നാൽ സാമ്പത്തികഭാരം അതിനനുവദിച്ചില്ല. അതിനാൽ ഒരു പത്രമായി പ്രസിദ്ധീകരിക്കുവാൻ പ്രസ്ഥാനം അനുമതി നൽകി. പരസ്യത്തിനായി പലരേയും സമീപിച്ച് മാസങ്ങളോളം നടന്നു. നല്ല പ്രതികരണങ്ങൾ ലഭിച്ചു. ഫാ. ജോൺസ് ഏബ്രഹാം മുൻനിരയിൽ തന്നെ നേതൃത്വം നൽകി. അച്ചടിയുടെ ബാലപാഠങ്ങൾ പോലും അറിയാത്ത പ്രസ്ഥാനാംഗങ്ങൾക്ക് അത് പുതിയ ഒരു അനുഭവമായി. രാത്രി ഉറക്കമൊഴിച്ചും പലരും കമ്പ്യൂട്ടറിന് മുൻപിൽ കഷ്ടപ്പെട്ടു. ആദ്യ ഡി. റ്റി. പി. വൻ പരാജയമായി. ലേ ഔട്ട് പൂർണ്ണമായും പരാജയപ്പെട്ടു. ആഗ്രഹിച്ച ദിനം പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. പ്രതിസന്ധികൾ പലതും തരണം ചെയ്ത് 2000 സെപ്തബർ 3 ന് ആദ്യ ജോർജിയൻ അച്ചടിച്ച് പ്രകാശനം ചെയ്തു. കുറ്റമറ്റതാക്കുവാൻ സാധിക്കാതെ പോയ ആ പ്രസിദ്ധീകരണത്തിന് ഇടവക നൽകിയ സ്വീകരണം പ്രസ്ഥാനത്തിന് പുതുവീര്യം പകർന്നു. അന്ന് ഇടവകാംഗങ്ങൾ ജോർജിയൻ ഹൃദയത്തോട് ചേർത്ത് വച്ചെങ്കിൽ ഇന്ന് ആ സ്ഥാനം ഹൃദയത്തിനുള്ളിലാണ്.

കാലത്തിനും മുൻപേ...

കഴിഞ്ഞ ജോർജിയൻ എഡീഷന്റെ വായനക്കാർ പതിനായിരത്തിൽ അധികം. ഇന്ന് ഒരു മൗസ് ക്ലിക്കിൽ ലോകത്തിന്റെ ഏതു കോണിൽ നിന്നും ആർക്കും ജോർജിയൻ വായിക്കാം വെബ് എഡീഷനിലൂടെ. വിദേശത്തുള്ള ഇടവകാംഗങ്ങളും ഇടവകയും തമ്മിലുള്ള ദൂരം ഇവിടെ കുറയുകയാണ്. ഔദ്യോഗീക പത്രമായി ജോർജിയൻ റജിസ്റ്റർ ചെയ്യപ്പെട്ടു. 'ജോർജിയൻ' ആ നാമം ഇനി നമുക്ക് മാത്രം സ്വന്തം. പ്രമുഖ പത്രങ്ങളും മാസികകളും നമ്മുടെ വാർത്തകൾ വീണ്ടും വാർത്തകളാക്കുന്നു. ഇത് ജോർജിയന്റെ മികവിനുള്ള അംഗീകാരം.

രഞ്ജു കെ. മാത്യു ജോർജിയൻ എഡിറ്ററായി ചുമതല ഏറ്റനാൾ മുതൽ മുടങ്ങാതെ മൂന്ന് മാസത്തിലൊരിക്കൽ ജോർജിയൻ പത്രമായി പ്രസിദ്ധീകരിച്ചു വരുന്നു. ഇദ്ദേഹത്തിന്റെ വീക്ഷണവും കഠിനാദ്ധ്വാനവുമാണ് ജോർജിയൻ മലങ്കരസഭയിൽ അറിയപ്പെടുന്ന പ്രസിദ്ധീകരണമായി മാറ്റിയത്. മികച്ച എഡിറ്റർ, മികച്ച പ്രസിദ്ധീകരണം എന്നിവ ഇന്ന് ജോർജിയന് സ്വന്തം. ജോർജിയൻ തല ഉയർത്തുകയല്ല, ദൈവസന്നിധിയിൽ തല വണക്കുകയാണ്. 'ജോർജിയൻ' അക്ഷരങ്ങളിൽ കൊത്തിയ ഈ ശില്പം പ്രയാണം തുടരുകയാണ്, ദൈവനാമ മഹത്വത്തിനായി.....

കാലത്തിനൊപ്പം..... കരുത്തോടെ.....

രഞ്ജു കെ. മാത്യു

അർഹതയ്ക്കുള്ള അംഗീകാരമായാണ് ജോർജിയന് ഇത്തവണത്തെ ചീഫ് എഡിറ്റേഴ്സ് ട്രോഫി ലഭിച്ചത്. വൈകി വന്ന അംഗീകാരമാണ് ഈ അവാർഡ്. 1997-ൽ കൈയെഴുത്തു മാസികയായി ആരംഭിച്ച ജോർജിയന്റെ 10-ാം വാർഷികത്തിൽ ലഭിച്ച ഈ അംഗീകാരം പ്രസ്ഥാനം പ്രവർത്തകർക്കും ഇടവകയ്ക്കും ഏറെ സന്തോഷം നൽകുന്നു.

കൈയെഴുത്തു മാസികയായി തുടക്കം

ഫാ. ഫിലിപ്പ്. സി. ഏബ്രഹാമിന്റെ ആശയമാണ് ജോർജിയൻ എന്ന മാസിക. ആ ആശയം യാഥാർത്ഥ്യമാക്കാനും നിലനിർത്താനും ഉയരങ്ങളിലേയ്ക്ക് എത്തിക്കുവാനും പ്രസ്ഥാനം പ്രവർത്തകർ നടത്തിയ കഠിനാദ്ധ്വാനം വളരെയേറെയാണ്. 1997 മുതൽ 2003 വരെ 18 കൈയെഴുത്ത് മാസികകൾ പ്രസിദ്ധീകരിച്ചു. അതിൽ ഏതാണ്ട് 150 രചനകൾ ഉണ്ടായിരുന്നു. രാജ് ഫിലിപ്പ്, ജേക്കബ് സി. കെ. എന്നിവർ എഡിറ്റർമാരായി പ്രവർത്തിച്ചു. 2000 -01 വർഷത്തിൽ ഇടവയുടെ ശതാബ്ദി സമാപന വർഷത്തിൽ ജോർജിയൻ രാജ് ഫിലിപ്പിന്റെ നേതൃത്വത്തിൽ രണ്ട് ലക്കങ്ങൾ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിച്ചു.

ക്രമമായി പ്രിന്റിംഗ് ആരംഭിക്കുന്നു

2003 മുതൽ ഓരോ മൂന്നു മാസം കൂടുമ്പോഴും ജോർജിയൻ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിച്ചു വരുന്നു. 12 ലക്കങ്ങളാണ് ഈ കാലഘട്ടത്തിൽ പുറത്തിറങ്ങിയത്. ഓരോ പതിപ്പും ഒട്ടേറെ പുതുമകളുമായാണ് പുറത്തിറങ്ങിയത്.

പ. വാകത്താനത്ത് ബാവാ ചരമജൂബിലി സപ്ലിമെന്റ്, പ. മാത്യൂസ് ദിതീയൻ ബാവാ കാലം ചെയ്തപ്പോൾ പുറത്തിറങ്ങിയ പതിപ്പ്, പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ, അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി എന്നിവരുമായുള്ള അഭിമുഖങ്ങൾ, അഭിവന്ദ്യ ഔഗേൻ മാർ ദീവന്നാസിയോസ് തിരുമേനി കാലം ചെയ്തപ്പോൾ പുറത്തിറക്കിയ പ്രത്യേക പതിപ്പ് എന്നിവ ശ്രദ്ധേയമാണ്.

ജോർജിയനിലെ വിവാഹാശംസാപംക്തി ഏവരേയും ആകർഷിക്കുന്നതാണ്. ഇടവകയിലെ വിവാഹിതർക്ക് ആശംസ നേർന്നു കൊണ്ടുള്ള ഈ പംക്തിയാണ് വലിയ സാമ്പത്തിക ഭാരം ഇല്ലാതെ ഈ പ്രസിദ്ധീകരണത്തെ മുന്നോട്ടു പോകുവാൻ സഹായിക്കുന്നത്.

ഇടവകയിലെ വാർത്തകളും സഭാവാർത്തകളും പ്രസ്ഥാനം വാർത്തകളും ജോർജിയന്റെ ഓരോ ലക്കത്തിലും ഇടം പിടിക്കുന്നു. വാർത്തകളോടൊപ്പം ചിത്രങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്. ഇടവകയിൽ മികവ് നേടുന്നവരെ അഭിനന്ദിക്കുവാനും ആദരിക്കുവാനും ജോർജിയൻ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. ഇടവകയിലെ പ്രതിഭകളെ പരിചയപ്പെടുത്തുന്ന പ്രതിഭാപംക്തി ഏറെ ശ്രദ്ധേയമാണ്.

ജോർജിയനോടൊപ്പം....

ജോർജിയന്റെ ഇതളുകൾ തങ്ങളുടെ രചനകൾ കൊണ്ട് സമ്പന്നമാക്കിയവർ ഏറെയാണ്. അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, അഭിവന്ദ്യ ഔഗേൻ മാർ ദീവന്നാസിയോസ്, ഫാ. നൈനാൻ. പി. കുറിയാക്കോസ്, ഫാ. ജോൺസ് ഏബ്രഹാം, ഫാ. തോമസ് ആൻഡ്രൂസ്, ഫാ. ജയ് സഖറിയ, ഫാ. പി. എ. തോമസ്, പ്രൊഫ. മേരി മാത്യു, ഡോ. ജേക്കബ് മണ്ണുംമൂട്, സിസ്റ്റർ റിബേക്ക, ബ്രദർ ബെഞ്ചി, കെ. വി. മാമ്മൻ, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട്, ടോണി ജോസ് (മലയാള മനോരമ) തുടങ്ങിയ നിരവധി പ്രമുഖർ.

മികച്ച എഴുത്തുകാരോടൊപ്പം എഴുതി തുടങ്ങുന്നവർക്കുമായി ജോർജിയൻ സ്ഥലം നീക്കിവയ്ക്കാറുണ്ട്. ജോർജിയനിലൂടെ ആദ്യമായി രചനകൾക്ക് അച്ചടി മഷി പുരട്ടിയവരാണ് ഏറെയും. ഈ പ്രതിഭകൾ നാളെയുടെ പ്രതീക്ഷകളാണ്. നമ്മുടെ സ്വപ്നങ്ങളും പ്രതീക്ഷകളും ആകുലതകളും പങ്കുവെയ്ക്കുവാൻ ഒരു സ്ഥിരം വേദിയായി ജോർജിയൻ ഇവിടെ നിലനിൽക്കണം.

ജോർജിയനിലൂടെയാണ് വനിതാ പ്രവർത്തകർ യുവജനപ്രസ്ഥാനം ഭാരവാഹികളാകുന്നത്. വനിതകൾക്ക് അംഗത്വം നൽകിയ 2006 - 07 വർഷത്തിൽ തന്നെ വനിതാപ്രവർത്തകർ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുമായി.

രാജ് ഫിലിപ്പ്, ജേക്കബ്. സി. കുറിയാക്കോസ്, രഞ്ജു കെ. മാത്യു, ജോൺസൺ പി. ചെറിയാൻ, ഗീവർഗീസ് സി. ആർ, ഹാൻസ് ബാബു, വിശാൽ അലക്സ്, സബിൻ കെ. ജോർജ്ജ്, മീട്ടു ജേക്കബ്, സിജിത്ത് കുന്നപ്പള്ളി, ജോൺസൺ പി. ഏബ്രഹാം, ജിജോ മോൻ പി. എസ്, ലോയ്സ് അന്നാ റോബി, ബിൻസിമോൾ കുര്യാക്കോസ്, ശ്രുതി മറിയം ബാബു, റെയ്നി തോമസ് എന്നിവർ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി പ്രവർത്തിച്ചു.

പുത്തൻ ലോകത്തേയ്ക്ക്.....

ഇന്ന് ജോർജിയൻ ലോകമെങ്ങും ലഭ്യമാണ്. വെബ് എഡീഷൻ പതിനായിരക്കണക്കിന് വായനക്കാരെയാണ് നമുക്ക് നേടിത്തന്നത്. മുന്നോട്ടുള്ള പ്രയാണത്തിൽ ഇത് നമ്മെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നു. വിദേശങ്ങളിലുള്ള ഇടവകാംഗങ്ങൾ വാർത്തകൾ അറിയുവാൻ ഇന്ന് ജോർജിയനെയാണ് ആശ്രയിക്കുന്നത്. ഗീവർഗീസ് സി. ആർ. എഡിറ്ററായി നേതൃത്വം നൽകുന്നു.

കാലത്തിനൊപ്പം കരുത്തോടെ കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജോർജിയൻ പുതിയ വിഹായസ്സിലേക്ക് പറന്നുയരുകയാണ്. ഒപ്പം ചേർന്ന് നമുക്ക് ആവുന്നത് ചെയ്തു കൊടുക്കാം. വളരട്ടെ..... വളർന്നു വലുതാകട്ടെ.... ◆

സ്വാതന്ത്ര്യത്തിന്റെ അർത്ഥസത്യങ്ങളിലൂടെ....

ജോർജ് മാത്യു, എണ്ണശ്ശേരിലായ എരുമത്താനം

സുപ്രഭാതം..... പുൽക്കൊടികളിൽ മിന്നിത്തിളങ്ങുന്ന മഞ്ഞിൻകണികൾ ചിതറിതെറുപ്പിച്ചുകൊണ്ടു വീണ പത്രത്താളുകളുടെ മടക്കുകളഴിക്കുമ്പോൾ അകത്താളുകളിൽ എന്നും തിങ്ങിനിൽക്കുന്ന ആത്മഹത്യാ-കൊലപാതക - കുംഭകോണ വാർത്തകൾക്കിടയിലെവിടെയോ ചെറിയവരികളിൽതീർത്ത ആ വലിയ വാർത്തയിലേക്ക് ..... അതേ സ്വാതന്ത്ര്യത്തിന്റെ അറുപതാം വാർഷികം....

ധർമ്മച്യുതിയിലകപ്പെട്ട് ആഴങ്ങളിലേക്ക് താഴ്ന്നിറങ്ങുന്ന വാഗ്ദാനങ്ങൾ.... പാതിമൂടപ്പെട്ട അവയുടെ വലിയ കൂമ്പാരങ്ങൾ.... ഇതോ നമ്മുടെ നാട്? ചിറകരിഞ്ഞു വീഴുമ്പോഴും ധർമ്മംകൈവിടാതെ ഭാരത സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ധീരയോദ്ധാക്കളുടെ നാടോ ഇത്?

''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നുറക്കെപ്പാടിയ നാവേ നീ നിശ്ചലമായോ? തളരാത്ത മനസ്സും അടങ്ങാത്ത സ്വരവുമായി നിറതോക്കിനു മുൻപിൽ നെഞ്ചു വിരിച്ചുനിന്നു പോരാടിയവരുടെ ജീവന്റെ വില.... ആ സ്വാതന്ത്ര്യം വ്യഥാ ആൾദൈവങ്ങൾക്കു മുൻപിൽ അടിയറവുവയ്ക്കുമ്പോഴും.... അർദ്ധശൂന്യമായ ജീവിതത്തിന്റെ പൊയ്മുഖങ്ങളിൽ ആർത്തുല്ലസിക്കുമ്പോഴും സ്വാതന്ത്ര്യത്തിന്റെ അർത്ഥങ്ങളും അർത്ഥസത്യങ്ങളും മനസ്സിൽ ഉൾക്കൊള്ളുവാൻ എന്തേ നീ തയ്യാറാവുന്നില്ല....

രക്തത്തിന്റെ ഗന്ധം കാറ്റിൽ പേറുന്ന ഈ നാട്ടിൽ ജീവിതം സാധ്യമോ? രക്തബന്ധങ്ങൾക്കു നേരെ പടവാളോങ്ങുന്നവരുടെ നാട്.... ചില്ലിക്കാശിനു കൂടെപ്പിറപ്പുകളെ ഒറ്റികൊടുക്കുന്നവരുടെ നാട്.... വികസിത ലക്ഷ്യത്തിലേക്ക് അഹന്തയോടെ കുതിച്ചുയരുമ്പോൾ ചവുട്ടിയരയ്ക്കപ്പെടുന്ന പ്രകൃതിയുടെ ഹരിതഭംഗിക്കുംമുകളിൽ ആധുനിക സാങ്കേതികതയുടെ നിറക്കൂട്ടിൽ പടുത്തുയർത്തപ്പെടുന്ന ആകാശഗോപുരങ്ങളിലെയും, മണിമാളികകളിലെയും ആഢംബര ചുവരുകൾക്കുള്ളിൽ പുതുതലമുറയുടെ ശബ്ദം മുഴങ്ങുമ്പോൾ, പ്രകൃതിയുടെ മാറിൽചവുട്ടിവളർന്ന പഴയതലമുറയിലെ അനേകായിരങ്ങൾ തളർന്ന മനസ്സും ഇടറിയ സ്വരവുമായി വൃദ്ധസദനങ്ങളിലും അനാഥമന്ദിരങ്ങളിലും മരണം കാത്തു കഴിയുന്നു... ഇതോ നമ്മുടെ നാടിന്റെ സമ്പാദ്യം?

ഈ നാടിന്റെ ചക്രം തിരിക്കുന്നവർ തിരഞ്ഞുമാറ്റുന്ന ചക്രത്തിൽ ഒരംശം മാത്രം വിതറിയിരുന്നെങ്കിൽ പട്ടിണിപാവങ്ങളുടെ ഒഴിഞ്ഞ വയറിന് ഉത്തരം ലഭിക്കുമായിരുന്നു.... അർത്ഥഗംഭീരമായ വായ്മൊഴികൾ കൊണ്ട് അമ്മാനമാടുന്നവർ അറിയുന്നില്ല സ്വാതന്ത്ര്യത്തിന് നിഘണ്ടുവിലുള്ള അർത്ഥം മാത്രമല്ല ചുടുചോരയിലെഴുതിയ ജീവിത സത്യങ്ങളും അടങ്ങിയിരിക്കുന്നുവെന്ന്.... പ്രകൃതിയിൽ അന്തർലീനമായ സത്യങ്ങളെ തച്ചുടയ്ക്കുവാൻ വെമ്പൽകൊള്ളുന്ന നീ അറിയുന്നില്ലേ.... നാളെയുടെ തലമുറകൾ ജീവശ്വാസമില്ലാതെ അലയേണ്ടിവരുമെന്ന്....

എല്ലാ മതഗ്രന്ഥങ്ങളിലും ഉൾകൊണ്ടിരിക്കുന്ന ഏകനാമം പ്രകൃതിയിൽ ചാലിച്ചെടുത്ത് പുതിയ തലമുറയുടെ നെറുകയിൽ സ്നേഹത്തോടെ തലോടിയില്ലെങ്കിൽ മതഗ്രന്ഥങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാനല്ലാതെ യാതൊന്നിനും അവ സഹായകരമാവില്ല.....

സ്നേഹിക്കയില്ലഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും

ഹൃദയമന്ത്രധ്വനികളായ് മുഴങ്ങട്ടെ ഈ സ്വരം.... തളർന്ന മനസ്സുകൾക്ക് പുതുജീവൻ നൽകുവാൻ ഉതകട്ടെ ഈ വരികൾ.....

പുകയുന്ന മാലിന്യം

ആൻഡ്രൂസ് ഇ. തോമസ് എരുമത്താനം

കേരളത്തിൽ മാലിന്യപ്രശ്നം ദിനം തോറും വർദ്ധിച്ചുവരികയാണ്. ഒട്ടുമിക്ക പ്രധാന നഗരങ്ങളും, കായലുകളും ഇന്ന് മലിനീകരണത്തിന്റെ പിടിയിലാണ്. മാലിന്യ നിർമ്മാർജനപ്രവർത്തനങ്ങളുടെ പേരിൽ നടക്കുന്നത് ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് മാറ്റി നിക്ഷേപിക്കുക മാത്രമാണ്.

കുന്നുകൂടുന്ന മാലിന്യങ്ങൾ പല പകർച്ചവ്യാധികൾക്കും വഴിവെയ്ക്കുകയാണ്. ഇന്ന് കേരളത്തിൽ പടർന്നു പിടിച്ചിരിക്കുന്ന പകർച്ച പനിയുടെ പ്രധാന കാരണം മലിനീകരണമാണെന്ന് ദിനപത്രങ്ങളിൽ നിന്നും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിന്നും നാം മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു.

മലയാളിയുടെ സ്വാർത്ഥതാപരമായ മനഃസ്ഥിതിയാണ് കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിയാതെ പോകുന്നതിന്റെ കാരണം. "എന്റെ വീടും പരിസരവും വൃത്തിയായിരിക്കണം മറ്റുള്ളവരുടേത് എങ്ങനെയായാലും എനിക്കതിൽ യാതൊന്നുമില്ല." ഓരോ വീടുകളിലും അവിടെ ഉണ്ടാകുന്ന പാഴ്വസ്തുക്കൾ കുഴിച്ചുമൂടുകയോ ബയോഗ്യാസ് പ്ലാന്റുകൾ പോലുള്ളവ നിർമ്മിക്കാൻ സാധിക്കുന്നവർ അവ നിർമ്മിക്കുകയും ചെയ്താൽ വീടുകളിലെ മാലിന്യ പ്രശ്നങ്ങൾ ഒരു വിധം പരിഹരിക്കുവാൻ സാധിക്കും.

നഗരങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ കോർപ്പറേഷനുകൾ മാലിന്യസംസ്കരണ പ്ലാന്റുകൾ തുടങ്ങേണ്ടത് അനിവാര്യമാണ്. കൂടാതെ ശുചീകരണത്തിനായി പഴയരീതിയിലുള്ള ഉപകരണങ്ങളെല്ലാതെ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചാൽ ശുചീകരണപ്രവർത്തനങ്ങൾ ആയാസരഹിതമാക്കാനും ശുചീകരണപ്രവർത്തനങ്ങളോട് ആളുകൾക്കുള്ള അവജ്ഞതമാറി കൂടുതൽ ആളുകൾ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുകയും ചെയ്യും.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുകയാണെങ്കിൽ തന്നെ മാലിന്യ പ്രശ്നങ്ങൾക്ക് ഒരുവിധം കടിഞ്ഞാണിടാൻ സാധിക്കും. എന്തെന്നാൽ വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകളിലും, കുപ്പികളിലും വെള്ളം കെട്ടി നിന്ന് അവിടെ വളർന്നു പെരുകുന്ന കൊതുകുകളാണ് മാരകമായ പകർച്ചപ്പനിയും മറ്റും പടർത്തുന്നത്. കേരളത്തിലെ ഒരു അവസ്ഥാ വിശേഷം പറയുകയാണെങ്കിൽ പനിയും മറ്റും വ്യാപകമാകുമ്പോൾ മാത്രം മാലിന്യ നിർമ്മാർജനത്തെപ്പറ്റി ചിന്തിക്കുന്നു. പനി നിയന്ത്രണവിധേയമാകുമ്പോൾ മാലിന്യ നിർമ്മാർജന പരിപാടി പതിയെ ഉപേക്ഷിക്കും.

ഈയിടെ മാലിന്യം നിക്ഷേപിക്കുന്നതിനെതിരായി അമ്പലമേട്ടിലും, ബ്രഹ്മപുരത്തും ഉണ്ടായ ജനകീയ പ്രക്ഷോഭങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് മാലിന്യ നിർമ്മാർജനത്തിന്റെ ആവശ്യകതയെപ്പറ്റി മലയാളി ബോധവാനാണ് എന്നുള്ളതാണ്. എന്നാൽ ഈ ബോധം കൊണ്ട് പ്രത്യേകിച്ച് യാതൊരു നേട്ടവും ഉണ്ടാകുന്നില്ല. പ്രശ്ന പരിഹാരത്തിന് വേണ്ടത് അകമഴിഞ്ഞ പ്രവർത്തന മനോഭാവവും സഹകരണവുമാണ്.

ശരിയായ രീതിയിലുള്ള മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ അഭാവം മൂലം "ദൈവത്തിന്റെ സ്വന്തം നാട്" ഇന്ന് "കൊതുകുകളുടെ സ്വന്തം നാടായി" മാറിയിരിക്കുന്നു. പ്രബോധനത്തെ ഉൾക്കൊള്ളുന്ന പ്രബുദ്ധ കേരളം പ്രവർത്തനത്തിന്റെ ആവശ്യകതയെപാടെ നിഷേധിക്കുന്നു.

"മാലിന്യ നിർമ്മാർജനത്തിന്റെ ആവശ്യകതയെപ്പറ്റി മലയാളി ബോധവാനാണ് എന്നുള്ളതാണ്. എന്നാൽ ഈ ബോധം കൊണ്ട് പ്രത്യേകിച്ച് യാതൊരു നേട്ടവും ഉണ്ടാകുന്നില്ല. പ്രശ്നപരിഹാരത്തിന് വേണ്ടത് അകമഴിഞ്ഞ പ്രവർത്തന മനോഭാവവും സഹകരണവുമാണ്." മലങ്കരസഭ ആഗസ്റ്റ് 26 ന് പരിസ്ഥിതി ദിനമായിട്ട് ആചരിച്ചാൽ മാത്രം പോരാ, പ്രവർത്തിക്കുവാൻ നാം തയാറാവണം.

കഥ

രണ്ടിൽ ഒന്ന്

ജോബി സ്കറിയ, കൊച്ചുപറമ്പിൽ

വർഷങ്ങൾക്കു മുമ്പ് 'ഖുണ്ടുർമേട്' എന്ന കൊച്ചുഗ്രാമം.... കൈകളിൽ ധാരാളം പണമുണ്ടായിരുന്ന ഗ്രാമവാസികൾ നല്ല നല്ല വീടുകളിലാണ് താമസിച്ചിരുന്നത്. എങ്കിലും മനോഹരമായ സ്ഥലമെന്ന് പൂർണ്ണമായി പറയുവാൻ കഴിയില്ല. ഗ്രാമവാസികളെ പല പല പ്രശ്നങ്ങൾ അലട്ടുകയാണ്. 'മഴ' എന്നുള്ള പദം ഗ്രാമവാസികൾക്ക് അജ്ഞമാണ്. ജലത്തിന്റെ ലഭ്യതക്കുറവിനാൽ ദുരിതത്തിലാണ്ട ഇവിടുത്തെ ജീവിതം മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മടുത്തു.

'ഖുണ്ടുർമേട്' ലോകപ്രശസ്തമാണ്... ഗ്രാമത്തിന്റെ എല്ലാ ഉയർച്ചയ്ക്കും കാരണം ഖുണ്ടുർമേടിലെ വലിയ ഗർത്തത്തിനുള്ളിൽ മാത്രം വളരുന്ന 'മരുത്തിപൂ' എന്ന ചെടിയാണ്. സർവ്വരോഗസംഹാരിയെന്നാണ് 'മരുത്തിപൂ'വിനെ സ്ഥലവാസികൾ വിശേഷിപ്പിക്കുന്നത്. മരുത്തിപൂ ഉള്ളതിനാൽ ഗ്രാമവാസികൾക്ക് യാതൊരു വക ദീനങ്ങളും ഉണ്ടാകാറില്ല. സർവ്വരോഗസംഹാരി ആയതുകൊണ്ട് വൻതുക പ്രതിഫലമായി കൊടുത്തു കൊണ്ടാണ് അയൽനാട്ടുകാർ 'മരുത്തിപൂ' വാങ്ങിയിരുന്നത്. വിദേശരാജ്യങ്ങളിൽ നിന്നുപോലും നിരവധി ആളുകൾ ഖുണ്ടുർമേടിൽ എത്തി പല പല പരീക്ഷണങ്ങളും നടത്തി വരുന്നു. അങ്ങനെ 'ഖുണ്ടുർമേട്' വളരെ വേഗം ലോകപ്രശസ്തമായി.

ഖുണ്ടുർമേടിൽ ജലം ലഭിക്കാനുള്ള ഒരേയൊരു മാർഗ്ഗം ഗ്രാമത്തിലുള്ള ഗർത്തത്തിന്റെ കിഴക്കു വശത്തു കൂടി ഒഴുകുന്ന ചെറിയ അരുവി മാത്രമാണ്. ഗ്രാമവാസികൾ ജലത്തിന്റെ ലഭ്യതക്കുറവ് മൂലം ദുഃഖത്തിൽ ആയിരുന്നപ്പോഴാണ് പരീക്ഷണങ്ങൾക്കും, മരുത്തിപൂ വാങ്ങുവാനുമായി അയൽരാജ്യങ്ങളിൽ നിന്നും വന്ന ആളുകൾ പറഞ്ഞ് 'മഴ' എന്ന ഒരു സംഭവം ഉണ്ടെന്നുള്ള വിവരം അറിയുന്നത്. അതിൽ പിന്നെ മഴയ്ക്കായി ഗ്രാമവാസികൾ അവനവന്റെ ദൈവങ്ങളെ പ്രീതിപ്പെടുത്തുവാനായി പ്രാർത്ഥനയും തപസ്സും ആരംഭിച്ചു.

പതിവു പോലെ ഒരു ദിവസം സൂര്യപ്രകാശം പരന്നു.... വെയിലിന്റെ കാഠിന്യം നല്ല രീതിയിൽ അനുഭവപ്പെട്ടു.... എന്നാൽ വെയിലിനെ കീറിമുറിച്ചുകൊണ്ട്..... ഒരു മഴത്തുള്ളി... ഒരു കൊച്ചു ബാലികയുടെ കൈകളിൽ വന്നു സ്പർശിച്ചു.... ഇത്, എന്തെന്ന് മനസ്സിലാക്കാത്ത ബാലകയ്ക്ക് ഒരു പുത്തൻ അനുഭവമായി. ആർപ്പോടും, മുറവിളിയോടും കൂടി ബാലിക ഗ്രാമത്തെ ഉണർത്തി. ബാലികയുടെ വാക്കുകളിൽ വിശ്വസിക്കണോ..... അതോ കുട്ടിയുടെ ബാലിശമായ തോന്നൽ മാത്രമാണോ..... ഗ്രാമവാസികൾ സംശയത്തിലായിരുന്നപ്പോൾ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് മഴത്തുള്ളികൾ ഭൂമിയിലേയ്ക്ക് സ്പർശിച്ചു തുടങ്ങിയപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ ഗ്രാമവാസികൾ നെട്ടോട്ടമോടി. പിച്ചവെയ്ക്കാൻ കഴിയുന്ന കുട്ടികളടക്കം പ്രായഭേദമെന്യേ മഴ ഒരു ഉത്സവമാക്കി.

മഴയുടെ ആഘാതത്തിൽ.... മണ്ണിന്റെ ഗന്ധം പുതുമ ഉണർത്തി.... പുൽചെടികളും മറ്റും ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും കണ്ടു തുടങ്ങി. എന്നാൽ സമ്പന്നതയുടെ നടുവിൽ ഗ്രാമാസികളിൽ അഹങ്കാരം ഉടലെടുത്തു. അന്യഗ്രാമങ്ങളിൽ പോയി ചൂതുകളിയിലും പലതരത്തിലുള്ള പന്തയങ്ങളിലും ഏർപ്പെട്ടു.

എന്നാൽ ഗ്രാമവാസികൾക്ക് പണവും സമ്പത്തും, പ്രശസ്തിയും നേടിക്കൊടുത്ത 'മരുത്തിപൂ' ഒരു അനുഗ്രഹീതവരദാനമായി കാണേണ്ടതിന് പകരം ഇവർ ഇതിനെ മറക്കുകയാണ് ഉണ്ടായത്. "ആപത്തിൽ നേർന്നത് സമ്പത്തിൽ മറക്കരുത്" എന്ന് പറയുന്നതു പോലെ എത്ര സമ്പന്നരായാലും സമ്പത്തിന് കാരണമായത് എന്താണോ, അത് മറക്കാൻ പാടുള്ളതല്ല. എന്നാൽ ഈ ഗ്രാമം മറന്നു. ഗ്രാമത്തിന്റെ കുറവായജലം മഴയുടെ ആഗമനത്തോടെ സുലഭമായി. ആനന്ദലഹരിയിൽ ആറാടിയ ജനം അറിഞ്ഞില്ല മഴ കൂടുന്തോറും ഗ്രാമത്തിന്റെ ഐശ്വര്യമായ 'മരുത്തിപൂ' നാശത്തിന്റെ വക്കിലേറി ഇല്ലാതാകുകയാണെന്ന്. ജലത്തുള്ളികൾ നേരിട്ട് ഇലയിൽ പതിക്കാൻ പാടില്ലാത്ത 'മരുത്തിപൂ' ഓർമ്മകളിൽ പച്ചകെടാതെ നിൽക്കുന്ന ഇന്നലെകൾ സമ്മാനിച്ച നല്ലദിനങ്ങളായിരുന്നു.... ഗ്രാമവാസികൾ വളരെ ദുഃഖത്തിലായി. ഇവരുടെ വരുമാനം ഈ 'മരുത്തിപൂ'വിന്റെ കായ്കളും, ഇലകളും അയൽ ഗ്രാമങ്ങളിലേക്കും മറ്റും കയറ്റി അയക്കുന്നതായിരുന്നു. ചെടിയുടെ നാശത്തോടുകൂടി ഗ്രാമത്തിന്റെ പ്രശസ്തിയും മറ്റും ഒരു ഭാഗത്തേക്ക് ഒതുങ്ങി മാറി. ഗ്രാമം ദുഃഖത്തിലേക്ക് വഴുതി വീണു. എല്ലാ സുഖങ്ങളും ഈശ്വരൻ ആർക്കും കൊടുക്കുന്നില്ല. ഒരു ഇരുളിന് ഒരു പകൽ എന്ന് പറയുന്നതു പോലെ രണ്ടിൽ ഒന്നെ സംഭവിക്കുന്നുള്ളൂ.

ഗ്രാമവാസികൾ വീണ്ടും പ്രാർത്ഥനയും, തപസ്സും തുടങ്ങി. അവരുടെ സമ്പത്തായ 'മരുത്തിപൂവിന്റെ' പുനർജനനം വീണ്ടും ഉണ്ടാകും എന്ന് ഇന്നും പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് ആ കൊച്ചുഗ്രാമം.

"ഒരു വേളപഴക്കമേറിയ-
ലിരുളും മെല്ലെ വെളിച്ചമായി വരാം"

ഉപകാര സ്മരണ

വി. യൂദാ ശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാ ശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കും വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേയുടെ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാ ശ്ലീഹായേ, അങ്ങയുടെ കൂടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുകയും അങ്ങേയുടെ സ്തുതികളെ ഞാൻ സദാ ഓർക്കുമെന്നും അങ്ങയുടെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം.

ഏലിയാമ്മ മാത്യു, എരുമത്താനം

ആധുനിക ഓണം

റെയ്നി തോമസ്, പാട്ടത്തിൽ

ഓണക്കാലം വരവായി
ഓണക്കാഴ്ചകൾ കാണാറായി
ഓണത്തപ്പനെ വരവേൽക്കാൻ
നാടും വീടുമുണർന്നല്ലോ.

ക്ലബ്ബുകൾ പൂക്കൾ വാങ്ങുന്നു
ഓണപ്പൂക്കള മത്സരമായി
കേരള നാടിനു പൂക്കളമായി
തമിഴിൻ ലോറികൾ പായുന്നു.

പ്ലാസ്റ്റിക് തൂശനിലയ്ക്കുള്ളിൽ
സദ്യ വിളമ്പാൻ ഹോട്ടലുകൾ
ഓണം ദൃശ്യവിരുന്നാക്കാൻ
ചാനലുകാരുടെ മത്സരമായ്.

സദ്യയുണ്ണാൻ ഓർക്കാതെ,
ഓണക്കളവുമൊരുക്കാതെ
ചാനലുകാരുടെ സദ്യയതിൽ
മുങ്ങിപ്പോയോ മലയാളി?

ഓണമതെങ്ങനെയെന്നറിയാൻ
വൈദേശികരിങ്ങെത്തിപ്പോയ്
കേരളനാടിൻ ദേശീയോത്സവം
അന്നേ മാറിപ്പോയല്ലോ!!!

ലേഖനം

ഓടുന്ന ലോകം മാറുന്ന യുവത്വം

സച്ചിൻ ജേക്കബ് പോൾ, പട്ടശ്ശേരിൽ

യൗവ്വനം ഒരാളുടെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലഘട്ടമെന്നാണ് പൊതുവേ വിശേഷിപ്പിക്കുന്നത്. എന്നാൽ ഏറ്റവും അപകടകരമായ കാലഘട്ടവും അത് തന്നെയാണ്. ലോകത്തിലെ വിവിധ ചതിക്കുഴികളിൽപ്പെട്ട് ജീവിതം നഷ്ടപ്പെടുത്തുന്ന ഒരുപാട് യുവജനങ്ങളുടെ നടുവിലാണ് നാം ജീവിക്കുന്നത്.

ഭൗതികസുഖങ്ങളുടെ പുറകേ പാഞ്ഞുകൊണ്ട് സ്വത്വം നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് യുവജനങ്ങൾ മാറ്റപ്പെടുന്നു. യുവത്വത്തിന്റേതായ ആർജ്ജവവും, ഊർജ്ജസ്വലതയും ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ അവർക്കു സാധിക്കുന്നില്ല. സാമൂഹിക, രാഷ്ട്രീയ സാംസ്ക്കാരിക മേഖലകളിലെല്ലാം തന്നെ ചിലരുടെ സ്വാർത്ഥ ലാഭത്തിനുവേണ്ടി ചൂഷണം ചെയ്യപ്പെടുന്ന യുവതലമുറയെ കാണാൻ സാധിക്കും.

ഒരുപറ്റം ആശയങ്ങളുടെ വാഹകരായി യന്ത്രങ്ങളെപ്പോലെയല്ല യുവജനങ്ങൾ പ്രവർത്തിക്കേണ്ടത്. തങ്ങളുടെ തനതായുള്ള സാംസ്കാര തനിമയും അന്തഃസത്തയും നിലനിർത്തിക്കൊണ്ടു തന്നെ സ്വന്തമായി ചിന്താശേഷിയുള്ളവരായി, വിവേചനബുദ്ധിയുള്ളവരായി മാറ്റപ്പെടുമ്പോഴാണ് യൗവ്വനം അതിന്റെ ശ്രേഷ്ഠതയിൽ എത്തുന്നത്.

എവിടെയാണ് പുത്തൻ തലമുറയ്ക്ക് വഴി തെറ്റിപ്പോകുന്നത്? എന്താണ് ഇതിന് കാരണം? എന്തുകൊണ്ടാണ് ഉയർന്ന കരിയർ കെട്ടിപ്പൊക്കുമ്പോഴും അവർക്ക് മാനുഷികമൂല്യങ്ങൾ നഷ്ടപ്പെട്ടുപോകുന്നത്? സമീപകാലത്തെ പല മോഷണ കേസുകളിലും, കൊലപാതകങ്ങളിലും മുഖ്യപ്രതികളായിരുന്നവർ യുവാക്കളാണ്. അതും അഭ്യസ്ത വിദ്യരായവർ. ഭൗതിക സൗകര്യങ്ങൾ വർദ്ധിക്കുമ്പോഴും ആദ്ധ്യാത്മികമായ വളർച്ച നേടാത്തതാണ് ഈ മൂല്യശോഷണത്തിന്റെ കാരണം. പഠനകാര്യത്തിൽ കാണിക്കുന്ന താല്പര്യത്തോടൊപ്പം ആദ്ധ്യാത്മിക രംഗങ്ങളിലും കുട്ടികൾക്ക് മാതൃക നല്കേണ്ടതും മാതാപിതാക്കളുടെ കർത്തവ്യമാണ്.

ഒരാളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിന്റെ വിവിധ ഘട്ടങ്ങളെപ്പറ്റി വളരെ പ്രശസ്തമായ ഒരു ശ്ലോകമുണ്ട്.

'ആചാര്യൻ പാദമാദത്തേ
പാദം ശിഷ്യസ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ
പാദം കാലക്രമേണതു.

ഗുരുവിൽ നിന്നും സഹപാഠിയിൽ നിന്നും, സ്വപ്രയത്നത്തിൽ നിന്നും ബാക്കി കാലക്രമേണ ലഭിക്കുന്ന ഗുണങ്ങളുമാണ് ഒരാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്. എന്നാൽ ഇന്ന് സഹപാഠിയിൽ നിന്നും പകർന്നു കിട്ടുന്നത് മദ്യത്തിന്റെയും മയക്കുമരുന്നുകളുടേയും ഉപയോഗശീലങ്ങളാണ്. അതുപോലെ തന്നെയാണ് വിദ്യാർത്ഥികൾക്ക് മാതൃകയാക്കാൻ സാധിക്കുന്ന അധ്യാപകരുടെ കുറവ്. സ്വാർത്ഥതയുടെ ആധിക്യം മൂലം തന്നിലേയ്ക്ക് തന്നെ ഉൾവലിഞ്ഞു ആരുമായും സഹകരിക്കാതെ ജീവിക്കുന്നവർ ജീവിതത്തിന്റെ പല ഘട്ടങ്ങളിലും ഒറ്റപ്പെട്ടുപോകും.

"യൗവ്വനക്കാരാ, നിന്റെ യൗവ്വനത്തിൽ സന്തോഷിക്ക; യൗവ്വനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊൾക; എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക. ആകയാൽ നിന്റെ ഹൃദയത്തിൽ നിന്നു വ്യസനം അകറ്റി, നിന്റെ ദേഹത്തിൽ നിന്നു തിന്മ നീക്കിക്കളയുക" സഭാപ്രസംഗി 11-ാം അദ്ധ്യായത്തിലെ വളരെ പ്രശസ്തമായ വചനങ്ങളാണിവ.

ഭൗതികസുഖങ്ങളിൽപ്പെട്ട് വഴിതെറ്റിപോകാതെ ദൈവവചനത്തോട് ചേർന്നു നിന്നുകൊണ്ട് ആദർശധീരരായ ഒരു യുവതലമുറയെ വാർത്തെടുക്കാനായി എല്ലാവർക്കും പരിശ്രമിക്കാം.

◆

രക്ഷാപദ്ധതിയ്ക്കായി സ്വയം സമർപ്പിച്ച....

(രണ്ടാം പേജിൽ നിന്നും തുടർച്ച)

12:1) "സൂര്യനെ അണിഞ്ഞൊരു സ്ത്രീയായി" വി. യോഹന്നാൻ പ്രതി പാദിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

ലോകരക്ഷകനായ യേശുവിനെ പെറ്റു വളർത്തിയതുപോലെ ആദിമസഭയെ പോറ്റി വളർത്തിയതും വി. മറിയാമായിരുന്നു. കന്യകമറിയാമും ശിഷ്യന്മാരും ഉൾപ്പെട്ട ചെറിയ സമൂഹമായിട്ടായിരുന്നു സഭയുടെ തുടക്കം (അപ്പോ. പ്രവ. 1:13,14). ആ സഭയുടെ തുടർച്ചയല്ലേ ഇന്നത്തെ സഭ. അന്നും ഇന്നും യേശുവിന്റെ ശരീരമായി നിലനിൽക്കുന്ന സഭയിൽ മാതാവിന്റെ സാന്നിദ്ധ്യം സജീവമായിരിക്കും.

രക്ഷകനായ യേശു ലോകത്തിലേയ്ക്കു വന്നത്-കന്യകമറിയമിലൂടെയാണ്. ദൈവേഷ്ടത്തിനുവേണ്ടിയുള്ള കന്യകമറിയാമിന്റെ സമർപ്പണം ലോകരക്ഷയ്ക്കുവേണ്ടിയായിരുന്നുവല്ലോ. ആ അർത്ഥത്തിൽ കന്യകമറിയാമിന്റെ സമർപ്പണം രക്ഷാപദ്ധതിക്കും അതുവഴി ലോകത്തിന്റെ രക്ഷയ്ക്കും പ്രയോജനകരമായി എന്നതാണ് സത്യം. അതുകൊണ്ട് രക്ഷകനു ജന്മം നൽകിയ മാതാവിനെ സ്മരിക്കേണ്ടത് യാഥാർത്ഥ്യമായി രക്ഷിക്കപ്പെടുന്നവരുടെ നന്ദിയും കടപ്പാടുമാണ്. രക്ഷാപദ്ധതിക്കുവേണ്ടി സകലവും ത്യജിച്ച് കഷ്ടപ്പാടുകൾ അവസാനം വരെ സഹിച്ച് സഭയെപ്പോറ്റി വളർത്തുന്നതിന് പ്രയത്നിച്ച വി. മറിയാമിനെ വിശ്വാസ ജീവിതത്തിൽ മാനിക്കേണ്ടത് സഭാമക്കളുടെ ദൈവമുമ്പാകെയുള്ള ഉത്തരവാദിത്വം കൂടിയാണ്. കന്യകമറിയാമിനെ ശുശ്രൂഷിക്കുന്നതിന് യോഹന്നാനെ ഭരമേല്പിച്ചതുവഴി യേശു തന്റെ മാതാവിനെ ആദരിക്കുവാൻ സഭയെ ഭരമേല്പിക്കുകയായിരുന്നു. ഇത് യോഹന്നാനുകൊടുത്ത ഉത്തരവാദിത്തത്തിന്റെ പിൻതുടർച്ചകൂടിയാണ്. രക്ഷാജീവിതത്തിന്റെ മാതൃകയായ വി. മറിയാമിനെ സ്മരിച്ച് അവളുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ജീവിക്കുന്നത് നമ്മുടെ വിശ്വാസജീവിതത്തിന്റെ ആത്മീയശോഭ വർദ്ധിപ്പിക്കും. മാത്രമല്ല വി. മറിയാമിന്റെ ജീവിതം ദൈവത്തിങ്കലേയ്ക്കുള്ള അടുപ്പത്തിന് ഏതൊരാൾക്കും പ്രേരകശക്തിയും മാതൃകയുമാണ്.

നിർഭാഗ്യവശാൽ നവീകരണപ്രസ്ഥാനക്കാർ പ. മാതാവിനെയും മാതാവിലുള്ള മദ്ധ്യസ്ഥതയെയും നിഷേധിക്കുന്നതായി കാണുന്നു. സഭയും, വേദപുസ്തകവും പ. മാതാവിന് നൽകിയ പ്രാധാന്യം അംഗീകരിക്കാൻ ഉള്ള വൈമനസ്യം കൊണ്ടാണോ അതോ ഇക്കൂട്ടരുടെ വിശ്വാസപരമായ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണോ ഇപ്രകാരം ചെയ്യുന്നതെന്ന് മനസിലാവുന്നില്ല. ചരിത്രത്തിന്റെ പിൻബലം അധികം ഇല്ലാത്ത ഇവരുടെ വേദവിപരീത ചിന്തകൾ നവീകരണ സഭകളുടെ അപൂർണ്ണതയെ ആണ് വെളിവാക്കുന്നത്.

പരിശുദ്ധസഭ കന്യകമറിയാമിന്റെ ഓർമ്മപ്പെരുന്നാൾ പതിനഞ്ചുദിവസത്തെ നോമ്പാചരണത്തോടെയാണ് ആചരിക്കുന്നത്. നാമും നോമ്പുനോറ്റ് മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നുവെങ്കിൽ മാതാവിന് ലഭിച്ചിരിക്കുന്ന സ്വർഗ്ഗീയസൗഭാഗ്യങ്ങൾക്ക് നാമും അനുകൂലപ്പെട്ടവരായിത്തീരും.

വേദപഠനം

രക്ഷിക്കപ്പെടുക

പി. ജെ. കുര്യൻ പാലമൂട്ടിൽ

നമ്മുടെ വീടുകളിൽ കയറിയിറങ്ങി ചിലർ ചോദിക്കും *രക്ഷിക്കപ്പെട്ടിട്ടുണ്ടോ* എന്ന്. ആവിധത്തിൽ ചിന്തിച്ചിട്ടില്ലാത്തതുകൊണ്ട് നമുക്കും സംശയമാകും.

"യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9). "കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" (അപ്പോ. പ്രവൃത്തി 16:31). ഈ തിരുവചനങ്ങളാൽ നാം രക്ഷിക്കപ്പെട്ടവരല്ലേ? ഈ രക്ഷ ദൈവത്തിന്റെ ദാനമാണ്. അത് അനുഭവിച്ചറിയുക.

"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫേസ്യർ 2:8, 9). "മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അപ്പോ. പ്രവൃത്തി 4:12). അപ്പോൾ നാം കർത്താവായ യേശുക്രിസ്തുവിൽ സംശയമില്ലാതെ വിശ്വസിക്കുക മാത്രമാണ് ആവശ്യമായിരിക്കുന്നത്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (അപ്പോ. പ്രവൃത്തി 10:43). "പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിതീർന്നു" (എബ്രായർ 5:8). ദൈവപുത്രനായിരുന്നിട്ടും എത്രയധികം കഷ്ടതകളാണ് നമുക്കുവേണ്ടി, നമ്മുടെ രക്ഷയ്ക്ക് വേണ്ടി അനുഭവിച്ചത്. ആയതുകൊണ്ട് നിത്യരക്ഷ പ്രാപിക്കാനായി നാം ദൈവത്തെ അനുസരിക്കുക.

"രക്ഷ യഹോവയ്ക്കുള്ളതാകുന്നു. നിന്റെ അനുഗ്രഹം നിന്റെ ജനത്തിന്മേൽ വരുമാറാകട്ടെ" (സങ്കീ. 3:8). "ഞാനോ സ്തോത്രനാദത്തോടെ നിനക്ക് യാഗം അർപ്പിക്കും. നേർന്നിരിക്കുന്നത് ഞാൻ കഴിക്കും. രക്ഷ യഹോവയുടെ പക്കൽ നിന്നും വരുന്നു" (യോന 2:9).

ഇങ്ങനെ രക്ഷയെപ്പറ്റിയുള്ള സത്യങ്ങൾ വിശുദ്ധ വേദപുസ്തകത്തിന്റെ പല ഭാഗങ്ങളിലായി ഉദ്ധരിച്ചിട്ടുണ്ട്. ഈ സത്യങ്ങൾ നാം മനസ്സിലാക്കിയാൽ രക്ഷിക്കപ്പെടുവാനായി ഓടി നടക്കേണ്ടതില്ല. വിശ്വാസത്തിൽ ഉറച്ച് നമ്മുടെ മാതാപിതാക്കന്മാരും മൺമറഞ്ഞ ആത്മീയ പിതാക്കന്മാരും കാട്ടിതന്ന, അവർ അനുഭവിച്ചറിഞ്ഞ സത്യത്തിൽ തന്നെ ഉറച്ച് നിൽക്കുക. യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ.

സ്നേഹ സ്മരണയ്ക്ക്

കെ. കെ. ഏബ്രഹാം
കാഞ്ഞിരത്തുംമൂട്ടിൽ
മരണം: 07-07-07
എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

സ്നേഹ സ്മരണയ്ക്ക്



പുന്നൻ പോത്തൻ
നീലഞ്ചിറ തെക്കേപ്പറമ്പ്
മരണം: 28-06-07
എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

സ്നേഹ സ്മരണയ്ക്ക്

ശോശാമ്മ സഖറിയാ
പള്ളത്തേട്ട്, കോട്ടയം
മരണം: 22-07-07
എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

സ്നേഹ സ്മരണയ്ക്ക്

എ. റ്റി. തമ്പി
ആഞ്ഞിലിമൂട്ടിൽ
മരണം: 12-07-07
എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

71–ാം അന്തർദേശീയ വാർഷികസമ്മേളനം കൊട്ടാരക്കരയിൽ

ആഗസ്റ്റ് 30, 31, സെപ്റ്റംബർ 1 തീയതികളിൽ

കൊട്ടാരക്കര: മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 71–ാമത് അന്തർദേശീയ വാർഷിക സമ്മേളനം ആഗസ്റ്റ് 30, 31, സെപ്റ്റംബർ 1 തീയതികളിൽ കൊല്ലം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കൊട്ടാരക്കര മൈലം എം. ജി. എം. റസിഡൻഷ്യൽ പബ്ലിക്ക് സ്കൂളിലെ "പ. മാത്യൂസ് ദ്വിതീയൻ നഗറിൽ" നടക്കും. 'അതിജീവനത്തിന്റെ കാഴ്ചപ്പാടുകൾ' എന്നതാണ് സമ്മേളനത്തിന്റെ മുഖ്യചിന്താവിഷയം.

ആഗസ്റ്റ് 30 ന് രാവിലെ 10 മണിക്ക് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ ഭദ്രദീപം തെളിയിക്കുന്നതോടുകൂടി 71–ാമത് അന്തർദേശിയ വാർഷിക സമ്മേളനത്തിന് തുടക്കമാവുകയാണ്. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ജോസ് ബേബി മുഖ്യാഥിതിയാകുന്ന ഉദ്ഘാടന സമ്മേളനത്തിൽ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത മുഖ്യ പ്രഭാഷണം നടത്തും.

2.30ന് സ്വാമി അശ്വതി തിരുനാൾ പ്രഭാഷണം നടത്തും. 6.30 ന് ചിന്താവിഷയ അവതരണം ഡോ. യൂഹാനോൻ മാർ മിലിത്തോസ് നടത്തും. എട്ടു മണിക്കു നടക്കുന്ന കലാസന്ധ്യ സിനിമാ നടൻ ക്യാപ്റ്റൻ രാജു ഉദ്ഘാടനം ചെയ്യും. ജെറി അമൽദേവ് മുഖ്യസന്ദേശം നല്കും.

31 ന് രാവിലെ 6.30 ന് നടക്കുന്ന ബൈബിൾ ക്ലാസ്സ് ഫാ. ജോജി കെ. ജോയി നയിക്കും. ഫാ. ഡോ. ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ 'സഫലയൗവ്വനത്തിനായി യോഗ' ഉണ്ടായിരിക്കും. കോട്ടയം വൈദികസെമിനാരി അദ്ധ്യാപകൻ ഫാ. ഡോ. മാത്യു ബേബി 'അതിജീവനം തിരുവചന വെളിച്ചത്തിൽ' എന്ന വിഷയത്തിലും, തിരുവല്ല മാർത്തോമ്മാ കോളേജിലെ ഡോ. വർഗീസ് ജോർജ് 'അതിജീവനം സാമൂഹ്യ സാമ്പത്തിക മേഖലകളിൽ' എന്ന വിഷയത്തിലും ഫാ. ഡോ. എഡ്വേർഡ് ജോർജ് 'അതിജീവനവും ആദ്ധ്യാത്മിക രംഗത്തെ പുത്തൻ പ്രവണതകളും' എന്ന വിഷയത്തിലും ക്ലാസ്സുകൾ നയിക്കും. തുടർന്ന് നടക്കുന്ന ഗ്രൂപ്പ് ചർച്ചയ്ക്ക് ഡി. വൈ. എസ്. പി. രാജൻ തോമസ് നേതൃത്വം നല്കും. യുവജനപ്രസ്ഥാനം പ്രവർത്തനങ്ങളുടെ അവലോകനം ജനറൽ സെക്രട്ടറി, കേന്ദ്ര സെക്രട്ടറിമാർ, ഭദ്രാസന സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെടും. സന്ധ്യാനമസ്കാരം, ധ്യാനപ്രസംഗം എന്നിവ അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നയിക്കും.

സെപ്റ്റംബർ 1 ന് വിശുദ്ധ കുർബ്ബാനന്തരം യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന വാർഷിക സമാപനസമ്മേളനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ അനുഗ്രഹ പ്രഭാഷണം നടത്തും. 71–ാമത് അന്തർദേശിയ വാർഷിക സമാപനം കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി ഓസ്ക്കാർ ഫെർണാണ്ടൻസ് ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രവാസി സെൽ ഉദ്ഘാടനം ജിജി തോംസണും, സുവനീർ പ്രകാശനം മുൻ എം. എൽ. എ. ആർ ബാലകൃഷ്ണപിള്ളയും, പഠനസഹായി പ്രകാശനം മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായും നിർവ്വഹിക്കും.

വെബ് എഡിഷൻ ഉദ്ഘാടനം

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രമായ ജോർജിയന്റെ വെബ് എഡിഷൻ 2007 മെയ് 20 ന് യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ മീലിത്തോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

കുട വിതരണം ചെയ്തു

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി കുഴിമറ്റം സെന്റ് ജോർജ് എൽ. പി. സ്കൂളിലെ നിർദ്ധനരായ 10 കുട്ടികൾക്ക് കുട വിതരണം ചെയ്തു. ജോബി പി. ചെറിയാൻ കൺവീനറായിരുന്നു.

കുടുംബാരാധന യോഗം

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കുടുംബാരാധന യോഗങ്ങളുടെ ഈ വർഷത്തെ രണ്ടാമത്തെ യോഗം രണ്ടാം വാർഡിൽ നീലഞ്ചിറ കുന്നപ്പള്ളിൽ സണ്ണി എ. തോമസിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. ഫാ. പി. എ. തോമസ് വചന പ്രഭാഷണം നടത്തി. അഭിനന്ദ് പി. ഷായി കൺവീനറായി പ്രവർത്തിച്ചു.

എസ്. എസ്. എൽ. സി., +2 അവാർഡുകൾ വിതരണം ചെയ്തു

കുഴിമറ്റം: എസ്. എസ്. എൽ, സി., +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഇടവകാംഗങ്ങൾക്കുള്ള ഇടവകയുടെ അവാർഡുകൾ മുൻ ഗ്രാമവികസന വകുപ്പു മന്ത്രി സി. എഫ്. തോമസ് എം. എൽ. എ. വിതരണം ചെയ്തു. ജേസീസ് നാഷണൽ ട്രയിനർ ബിനോ ജോൺ മുഖ്യപ്രഭാഷണം നടത്തി. എസ്. എസ്. എൽ. സി. പരീക്ഷയിൽ സുധിനാ ഏബ്രഹാമും, +2 പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ റെയ്നി തോമസും കൊമേഴ്സ് വിഭാഗത്തിൽ ജിക്കു തോമസും ഇടവകയിലെ ഒന്നാം സ്ഥാനക്കാരായി.

മാമ്മൂട്ടിൽ എം. വി. ഏബ്രഹാമിന്റെയും അന്നമ്മയുടെയും മകളായ സുധീന ഏബ്രഹാം 96.29% മാർക്കു വാങ്ങിയാണ് എസ്. എസ്. എൽ. സി. ക്ക് ഇടവകയിൽ ഒന്നാമതെത്തിയത്. പാട്ടത്തിൽ പി. ഐ. തോമസിന്റെയും അച്ചാമ്മയുടെയും മകളായ റെയ്നി തോമസ് +2 പരീക്ഷയിൽ 91.33% മാർക്ക് വാങ്ങിയാണ് സയൻസ് വിഭാഗത്തിൽ ഒന്നാമതെത്തിയത്. കുളങ്കരയിൽ തോമസിന്റെയും ലൗലിയുടെയും മകനായ ജിക്കു തോമസ് 83.33% വാങ്ങിയാണ് കൊമേഴ്സ് വിഭാഗത്തിൽ ഒന്നാമതെത്തിയത്.

സുധിനാ ഏബ്രഹാം

റെയ്നി തോമസ്



ജിക്കു തോമസ്

മറ്റു സമ്മാനാർഹർ: 10–ാം ക്ലാസ്സ്: അനറ്റ് ഗ്രിഗറി ടോംസ് എരുമത്താനം (88.6%), സജിൻ സാബു പാട്ടത്തിൽ (87%), റീബാ റീബേക്കാ ജേക്കബ് പൊയ്കയിൽ (86%), ലിജിയാ എൽസാ കുര്യൻ വാഴച്ചിറ (82%), ശ്രേയാ സൈറാ ആൻഡ്രൂസ് കൊട്ടുപ്പള്ളിൽ (81%), ശില്പാ രാജൻ പാടാച്ചിറ (80.8%), അനീറ്റ ഇ. തോമസ് എരുമത്താനം (79%), ക്രിസ്റ്റി കുരുവിള മഠത്തിറമ്പിൽ (78%), സിജി സ്കറിയാ, തുണ്ടിപറമ്പിൽ (71%), എബിൻ കുറിയാക്കോസ് കണിയാംപറമ്പിൽ (69%), ആൽബിൻ ജേക്കബ്, കണിയാംപറമ്പിൽ (64.2%), രേഷ്മാ ഫിലിപ്, നീലഞ്ചിറ (62.2%)

പ്ലസ് ടു: ലോയിസ് അന്ന റോബി കാരാണിക്കുളം (89.5%), ടിന്റു തോമസ് വയലാറ്റ് (85%), റൂഷി സാറാ ബാബു കുറ്റിക്കൽ (83.8%), നിഥിൻ മർക്കോസ് റജി കുപ്പശ്ശേരിൽ (81.4%), റ്റീനാ വി. കുറിയാക്കോസ് വാഴച്ചിറ (76.5%), സജിൻ പി. സാജൻ പട്ടശ്ശേരിൽ (73.83%), റിയാ മേരി ഷാജി, കരോട്ടുപുത്തൻപുരയ്ക്കൽ (73.5%), കിരൺ സാബു കൊച്ചുപറമ്പിൽ (73.17%), പ്രീതി മേരി കുറിയാക്കോസ് ആഞ്ഞിലിമൂട്ടിൽ (70.33%), ആൻഡ്രൂസ് ഇ. തോമസ് എരുമത്താനം (67.5%), സിജിത്ത് കുന്നപ്പള്ളി, നീലഞ്ചിറ കുന്നപ്പള്ളി (67. 33%), സിജോ കുര്യൻ മാന്തടത്തിൽ (66.83%), സുബിൻ വർഗീസ് വയലാറ്റ് (60.33%), ബിനു ഏബ്രഹാം കാരാണിക്കുളം (60%).

ജോസഫ് അച്ചന്റെ ജന്മദിനാഘോഷം

കുഴിമറ്റം: ബഥനി ആശ്രമത്തിലെ ജോസഫ് അച്ചന്റെ 73–ാം ജന്മദിനം ആഗസ്റ്റ് 15 ന് യുവജനപ്രസ്ഥാനം ആഘോഷിച്ചു. ബഥനി ആശ്രമത്തിൽ വച്ച് നടത്തപ്പെട്ട ജന്മദിനാഘോഷ സമ്മേളനം പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. പി. എ. തോമസ്, ഫാ. സ്റ്റീഫൻ, ഒ. ഐ. സി., പി. ജെ. കുര്യൻ, ബാബുക്കുട്ടി ഈപ്പൻ, എബിസൺ കെ. ഏബ്രഹാം, രഞ്ജു കെ. മാത്യു, രാജ് ഫിലിപ്പ്, ബിനു ഏബ്രഹാം എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ജന്മദിന സമ്മാനം ഫാ. പി. എ. തോമസ് ജോസഫ് അച്ചന് നൽകി.

ഞാലിയാകുഴി എം.ജി.എം. സ്കൂൾ ജേതാക്കൾ

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'നിറകൂട്ട് 2007' ചിത്രരചനാമത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂളിനുള്ള എണ്ണശ്ശേരിലായ എരുമത്താനത്ത് മോഹൻ ജോർജ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ചതിനുള്ള പട്ടശ്ശേരിലായ വാഴച്ചിറ വി. യു. ജോൺ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ഞാലിയാകുഴി എം. ജി. ഇ. എം. എച്ച്. എസ്. എസ്. സ്കൂൾ കരസ്ഥമാക്കി. വിജയികൾക്കുള്ള സമ്മാനങ്ങൾ മുൻ മന്ത്രി സി. എഫ്. തോമസ് എം. എൽ. എ. വിതരണം ചെയ്തു.

നിറക്കൂട്ട് 2007 ഫാ. പി. എ. തോമസ് ഉദ്ഘാടനം ചെയ്യുന്നു.

അഞ്ചു ഗ്രൂപ്പുകളായി കോട്ടയം ജില്ലയിലെ സ്കൂൾ/ +2 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ജൂലൈ 14 ന് നടത്തിയ നിറക്കൂട്ട് 2007 ചിത്രരചനാ മത്സരത്തിൽ 650 കുട്ടികൾ പങ്കെടുത്തു. ഫാ. പി.എ.തോമസ് ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും എം. എം. പബ്ലിക്കേഷൻസിന്റേതായ പ്രോത്സാഹനസമ്മാനങ്ങളും നല്കി. അരുൺ മർക്കോസ് കൺവീനറായി പ്രവർത്തിച്ചു.

സ്വാതന്ത്ര്യദിനാഘോഷം

സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെയും വൈ. എം. സി. എ. ബാലജനസഖ്യത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സ്വാതന്ത്ര്യദിനാഘോഷത്തിൽ ബാലജനസഖ്യം കോട്ടയം മേഖലാ ബാലികവിഭാഗം കൺവീനർ വിദ്യാ സൂസൻ ജോസ് ദേശീയ പതാക ഉയർത്തുന്നു അഡ്വ. ജോണി ജോസഫ് (പള്ളം ബ്ലോക്ക് പഞ്ചാ. മെമ്പർ), രഞ്ജു കെ. മാത്യു (യുവജനപ്രസ്ഥാനം ഭദ്രാസന ജോ. സെക്രട്ടറി), ബിനു ഏബ്രഹാം (യൂണിറ്റ് സെക്രട്ടറി) എന്നിവർ സമീപം.

ഭദ്രാസന വാർഷികസമ്മേളനം

യുവജനപ്രസ്ഥാനം കോട്ടയംഭദ്രാസന വാർഷിക സമ്മേളനം അൽമായട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് ഉദ്ഘാടനം ചെയ്യുന്നു. കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ, ഫാ. തോമസ് പി. സഖറിയാ, കേന്ദ്ര ട്രഷർ ഉമ്മൻ ജോൺ, സാം വർഗീസ്, രഞ്ജു കെ. മാത്യു എന്നിവർ സമീപം.

പള്ളം ഡിസ്ട്രിക്റ്റിന് ഇരട്ട നേട്ടം

വാകത്താനം: കോട്ടയം ഭദ്രാസനത്തിലെ 2006–07 വർഷത്തിലെ മികച്ച ഡിസ്ട്രിക്റ്റിനുള്ള വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെമ്മോറിയൽ ബെസ്റ്റ് ഡിസ്ട്രിക്റ്റ് അവാർഡും, കലാമത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച ഡിസ്ട്രിക്റ്റിനുള്ള ഫാ. ഇ. ജെ. ഏബ്രഹാം മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും പള്ളം ഡിസ്ട്രിക്റ്റ് കരസ്ഥമാക്കി. കോട്ടയം ഭദ്രാസന വാർഷിക സമാപനസമ്മേളനത്തിൽ വച്ച് യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. സ്പെൻസർ കോശി അവാർഡുകൾ വിതരണം ചെയ്തു. പള്ളം ഡിസ്ട്രിക്റ്റ് പ്രസിഡന്റായി ഫാ. സി. എ. വർഗീസ്, ഓർഗനൈസറായി ആൻസൺ കുര്യൻ, ഭദ്രാസന കമ്മറ്റിയംഗമായി രാജ് ഫിലിപ്പ് എന്നിവർ നേതൃത്വം നല്കുന്നു.

പള്ളം ഡിസ്ട്രിക്റ്റ് പ്രവർത്തകർ ജന. സെക്രട്ടറി ഫാ. സ്പെൻസർ കോശിയോടൊപ്പം

നവദമ്പതികൾക്ക് യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ

ചിറപ്പുറത്ത് വല്യവീട്ടിൽ
അനുജ തോമസും
പ്രിൻസും

പാറേട്ട്
മാത്യൂസും
പുഷ്പയും

ചിറപ്പുറത്ത്
ലിജി കുറിയാക്കോസും
ജോജിയും



കാവനാടിമണ്ണിൽ
ജോഷി ജോൺ
വർഗീസും നിഷനും

ചെട്ടിയേടത്ത്
ജോസ് സി. മാത്യുവും
സിജിയും

പ്ലാപ്പറമ്പിൽ
ജോയിസ് പി. ജോയിയും
മായയും

ഓണാശംസകൾ....

അൽമാ ടെലിഷോപ്പ്

NSS സ്കൂളിനു സമീപം, കുഴിമറ്റം
ഫോൺ: 2331166, 9447043104

ഒരു വ്യത്യസ്ത ഷോപ്പ്

പ്രസന്റേഷൻ ഐറ്റംസ്, ലേഡീസ് കളക്ഷൻസ്, വാറന്റിയുള്ള DVD, VCD, കാർ CD, കാർ MP3, ഹോം തീയറ്റർ, ഷെർലോൺ ഫോം ബെഡ്, ഫൈബർ കസേരകൾ, ഫോൺ, ചൈനീസ് റ്റോയ്സ് തുടങ്ങി എല്ലാവിധ സാധനങ്ങളും വളരെ വിലക്കുറവിൽ ലഭിക്കുന്നു.

"വിലക്കുറവ് എത്രമാത്രമെന്ന് പരീക്ഷിച്ചറിയുക"

അൽമ സർവീസിംഗ്

DVD, VCD, ഫാൻ, എമർജൻസി, ഇസ്തിരിപ്പെട്ടി, മിക്സി, ടോർച്ച്, തുടങ്ങിയവക ളുടെ എല്ലാവിധ സർവീസിംഗും ഇവിടെ ലഭ്യമാണ്. നിങ്ങളുടെ പഴയ VCD മാറ്റി പുതിയ ഒരു വർഷം വാറന്റിയുള്ള DVD എടുക്കുവാനുള്ള ഒരു സുവർണ്ണാവസരം.

Happy Onam

BEST BAKERS
&
FAMILY RESTAURANT

Puthuppally, Pampady,
Kulanada
Ph: 0481 - 2351061, 94473 79862 (Mobile)

PUKADIYIL AGENCIES

PARUTHUMPARA Ph: 2330312 (O), 2330858 (R) 9447220470 (Mob)

Dealers of: **Cement:** Sankar, Ramco, Vajram, Zuari **Steel:** Metron TMT, Rosan TMT **Roofing:** Ramco A/c Sheet, GI Sheet, GI Pipes **Paint:** Asian, Colour World **Tiles:** Regency, Bell, Somany **Pumpset:** V. Guard **Sanitary:** Omco, Hindware

PUKADIYIL TRADERS
KAITHEPALAM
Ph: 0481 - 3204219

ഓർഡർ അനുസരിച്ച് സാധനങ്ങൾ സൈറ്റിൽ എത്തിച്ചു കൊടുക്കുന്നതാണ്.

Printed and Published by Fr. P. A. Thomas, President St. George Youth Movement, Kuzhimattom. Editor: Geevarghese C. R., Chirappurathu House, Kuzhimattom P. O., Kottayam
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697